

ST. MARY'S COLLEGE PUTHANANGADI
പരിണാമം




## FACILITIES

- A/C CLASS ROOMS
- SPACIOUS LECTURE HALLS
- LIBRARY
- COMPUTER LAB
- CONFERENCE HALL
- LANGUAGE LAB
- INDUSTRIAL VISIT (NATIONAL AND INTERNATIONAL)
- WIFI FACILITY
- OUTDOOR SPORTS FACILITY
- HOSTEL FACILITY
- CANTEEN FACILITY
- PLACEMENT CELL

# MBA

**FINANCE | MARKETING | HUMAN RESOURCE | TOURISM | SYSTEM | INTERNATIONAL BUSINESS**

Eligibility: Any Degree (Above 50% Marks) + CAT/ CMAT/KMAT (Kerala)

## MONTI INTERNATIONAL INSTITUTE OF MANAGEMENT STUDIES

MIIMS

Approved by AICTE, New Delhi; Affiliated to University of Calicut

P.O. PUTHANANGADI, Angadippuram (Via), Malappuram Dt.

Ph: 04933 258 556, 258 656, 9061 258 555, 8606 258 555

E-mail: montiinstitute@gmail.com

www.montiinstitute.com

*Amaze. Inspire. Achieve.*

# St. Mary's College

Run by the Congregation of the Sons of the Immaculate Conception (CFIC)

**PUTHANANGADI**
info@stmaryscollege.info
www.stmaryscollege.info



*Education for Integrity...*

Founder of the Sons of
the Immaculate Conception
(CFIC)



Blessed

# Luigi Maria Monti

Superior General of CFIC



Very Rev.
**Fr. Michele Perniola**
CFIC

Provincial Superior of CFIC (India)



**Fr. Jose Mathew Parayil**
CFIC

OUR BELOVED
PRINCIPAL

# Fr. Denny Cholappallil CFIC



OUR BELOVED ADMINISTRATOR

# Fr. Varghese Kochuparambil CFIC



# EDITORIAL BOARD


**ചീഫ് എഡിറ്റർ**
ഫാ. ഡെന്നി ചോലപ്പള്ളിൽ

**സ്റ്റാഫ് എഡിറ്റർ**
ഷമീർ. ടി

**സ്റ്റുഡന്റ് എഡിറ്റർ**
എം. ഗോകുൽ

**ക്രിയേറ്റീവ് സപ്പോർട്ട**
ലീല വിജയൻ
സരസ്വതി

**ബോർഡ് മെമ്പേഴ്സ്**
ഗബ്രിയേൽ ജോർജ്
റോഷൻ. എസ്. തോമസ്
സുബിൻ പി. ബിജു
സാന്ദ്ര പുല്ലാനിക്കാട്
മേഘ ആർ.കെ
ആര്യ
അശ്വതി

**ഫിനാൻസ്**
ഫ. വർഗീസ് കൊച്ചുപറമ്പിൽ
രാജേഷ് പി. എസ്

**കവർ ഡിസൈൻ**
ഷമീം ലുക്മാൻ

**ഫോട്ടോഗ്രാഫി**
ഫോട്ടോലാന്റ് സ്റ്റുഡിയോ
പുത്തനങ്ങാടി

**ലേ ഔട്ട് & കവർ**
ഷമീം ലുക്മാൻ
@ shameemluku




# INSIDE




ഒരണുവിൽ നിന്നും
തുടങ്ങിയ ജീവൻ
അരിച്ചരിച്ച് മണ്ണിലേക്കും
മണ്ണിലൂടെ കാലങ്ങളേറെ
അരിച്ചുകേറി സ്ത്രീയിലേക്കും
സ്ത്രീയിലെ വേലിയേറ്റങ്ങളിലൂടരിച്ച്
മനുഷ്യനിലേക്കും...
മനുഷ്യന്റെ ഉടലിലൂടരിച്ച്
സമൂഹത്തിലേക്ക്
കാലമെന്ന് കുഴിയാന,
കാലമാകുന്ന കുഴിയാന
ഞങ്ങളിലൂടെ.... നിങ്ങളിലൂടെ...
നമ്മളിലൂടെ...
പുറകോട്ട് പുറകോട്ട്
നടന്നുകൊണ്ടിരിക്കുന്നു....




അബദ്ധത്താൽ ആരാലോ ചവിട്ടി നികത്തപ്പെട്ട
കുഴിയുടെ പുറത്തേക്ക് പെട്ട അവൻ
കാണുന്നത് പുകപടലം നിറഞ്ഞ ആകാശമാണ്.
ചുറ്റും  വെടിയൊച്ചകളും ഇങ്ക്വിലാബ് വിളികളും.
മുമ്പിലൂടെ ചീറിപാഞ്ഞ് പോകുന്ന ഉറുമ്പിനോട് കാര്യം
തിരക്കിയപ്പോൾ പറഞ്ഞത് ;
അത് സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള കലാപമാണെന്നാണ്.
ഒരു വശം തീ തുപ്പുന്നതും മറുവശത്ത് ഉന്മേഷം ചോരാത്ത
മുദ്രാവാക്യവും റോസാപൂക്കളുമാണ്.
ഇരുണ്ട വാനം പ്രകാശമാകാൻ തുടങ്ങിയപോലെ ഒരു
തോന്നൽ.  പോരാട്ടം കണ്ട് ആവേശം കേറിയ അനും
അതോടൊപ്പം ചേർന്നു.
കുഴികളിൽ ഒളിച്ച് ചുരുണ്ട് കൂടിയ പലരും അങ്ങനെ
അവരോടൊപ്പം ചേർന്നുകൊണ്ടിരിന്നു.
ആ കുഴികളിൽ നിന്ന് പുതുനാമ്പുകൾ കിളിർത്തു
കൊണ്ടേയിരുന്നു.






Gabriel George
*VI Bsc Maths*



അന്നവൻ ജനിച്ചത് ഒരു പോർമുഖത്തായിരുന്നു
പുറമേ പഠിച്ചതും കേട്ടതും ബൂട്ടുകളുടെ കൽപനകൾ
അകമേ കണ്ടത് എതിർപ്പുകളുടെ ആരവം
അവൻ നീന്തി, നടന്ന്, ഓടിയാർത്തത്
അവരുടെ നെഞ്ചിൻ കൂട്ടിൽ അമരാനായിരുന്നു.
കൈയിലൊരു ത്രിവർണ കൊടിപിടിച്ച്
നേടിയെടുത്താ മൂന്നക്ഷരം സ്വാതന്ത്ര്യം
അവനുടെ അപ്പനും അപ്പനപ്പൂപ്പൻമാരും
നേടിയെടുത്താ മൂന്നക്ഷരം സ്വാതന്ത്ര്യം
വളർന്ന് വളർന്നവൻ അറിവും
പലതും നിറവേറ്റി
ഇന്നയാൾക്കൊരുപിടി കഞ്ഞി കുടിക്കാൻ പോലും
കഴിയാതെ തളരുന്നു
ചവിട്ടും കുത്തും കൊണ്ടതിൽ പിന്നെ
ഒടിഞ്ഞു തളർന്നൊരാ ദേഹം.
ഇന്നലെ പൊങ്ങിയ ഒരുവൻ ചെന്നു
പൗരത്വത്തിൻ തെളിവിനായ്
നീയി ദേശക്കാരൻ ആണോയെന്നൊരു
തെളിവുകളുണ്ട് കാണിക്കാ...
ഇന്നുമാ പടുവൃദ്ധൻ പൊരുതുകയാണാ
മൂന്നക്ഷരം കിട്ടാനായ് ആസാദി



# ഉള്ളടത്തോളം





എം ഗോകുൽ
*IV Sem BA English*

പണ്ട് ന്റുപ്പൂപ്പാന്റെ കാലത്ത്
ന്റുപ്പൂപ്പാക്കൊരാനണ്ടേർന്നു
അന്നാദ്യമായാണാ സർക്കസ്സുകാർ വീട്ടിൽ വന്നത്
പോയ പോക്കിലവരാ ആനയേ കൊണ്ടുപോയ്

പൂരം കഴിഞ്ഞുള്ളടുത്ത വരവിനും, ഇറയത്ത്
ന്റെപ്പൂപ്പാന്റൊരു കാലൻകൊടയുണ്ടാർന്നു
ഉപ്പൂപ്പാന്റെ സുഖമന്വേഷിച്ചെത്തിയ
സർക്കസ്സുകാരത്

അടുത്ത വേനലിലവർ പാട്ടുകൃഷിയുടെ
കണക്കെടുക്കാനായ് വന്നതായിരുന്നു.
പ്പൂപ്പാന്റെ പയറും, ചീരേം ചെറുപയറും, അത്
കണക്കാക്കിയായിരുന്നവർ തൻ മൂന്നാം വരവ്

ബോംബെ സർക്കസ്സിൽ ഗുജറാത്തി മുതലാളി
ന്റെപ്പൂപ്പാന്റെ തുന്നിപീടിക കണ്ടുകെട്ടി
ഉടുതുണി പോലും എടുത്തു മാറ്റിയവർ അത്
പാവം ബോംബെ മാലകൾക്ക് മറിച്ചു വിറ്റു

അവസാനമായവർ ഒന്നൂടെ വന്നപ്പോൾ
ഒരു തുണ്ടു കടലാസു നീട്ടി തന്നു
അന്റെയുപ്പൂപ്പ ജീവിച്ചതിന്നടയാളമെന്തേലും....?
ഇല്ലെങ്കിലീ വഴി പടിഞ്ഞാട്ട് പൊയ്ക്കൊൾക

എടോ തെക്കേപ്പുറത്തുള്ള കേരത്തിൻ മണ്ണിത്
ഞങ്ങൾ തൻ അപ്പനപ്പൂപ്പന്മാർ വാണിടം
പള്ളിത്തൊടിയിലെയാ മീസാൻ കല്ലുകൾ പറയും
ഇവിടെ ജീവിച്ചു ചത്തതിൽ
അടയാളമുള്ളവർ.....



# ഇരുട്ടിന്റെ വിശുദ്ധർ

പണ്ടൊരിക്കൽ ഇരുപേർ
സംസാരിച്ചത് കണ്ടവൻ പറഞ്ഞു
" പിഴച്ചവൾ "


പണ്ടൊരിക്കൽ ഒരുവളുടെ
ഞൊറി തെറ്റിയ സാരി
യൊതുക്കി കൊടുത്തവളെ
കണ്ടവൻ പറഞ്ഞു
" ഫലയെശമി"

പണ്ടൊരിക്കൽ അവരുടെ
മുമ്പിൽ
അവളും അവനും ചിരിച്ചത്
കണ്ടവൻ പറഞ്ഞു
" അവിഹിതം"

പണ്ടൊരിക്കൽ ഒരു
പിഞ്ചുകുഞ്ഞു പീഢിപ്പി
ക്കപ്പെട്ടത് കണ്ട് പ്രതികരിക്കാൻ
പോയവനെ
കണ്ടവൻ പറഞ്ഞു,
"കൊള്ളാത്തവൻ "

ഇന്നീ നാളിൽ
കഥയുണ്ടാക്കി പഴിപറഞ്ഞ
എന്തിനോ ഉണ്ടായ അവനെ
വിശുദ്ധതയുടെ
വെള്ളകുപ്പായമണിഞ്ഞ്
ഇരുണ്ട നീതിപീഠത്തിൽ
എഴുന്നള്ളിച്ചിരുത്തിയിരിക്കുന്നു.
....

Gabriel George
*VI Bsc Maths*










# ഉന്നത കലാലയങ്ങൾ:

## സവിശേഷതകളും സമകാലിക പ്രശ്നങ്ങളും



മുഹമ്മദ് മുസ്തഫ. കെ.പി
VI Sem BA Economics

ഉന്നത വിദ്യാഭ്യാസം വഴി രാജ്യത്തിന്റെ സമഗ്രമായ പുരോഗതിക്ക് സഹായം നൽകിയ ശ്രേഷ്ഠ സ്ഥാപനങ്ങളാണ് ജെഎൻയു അടക്കമുള്ള കേന്ദ്ര സർവകലാശാലകളും IITകളും. IIM കളും IISER കളും ചുരുങ്ങിയ ചിലവിൽ രാജ്യത്തെ ഏറ്റവും മികച്ച വിദ്യാഭ്യാസം എന്നതാണ് ഇവിടങ്ങളിലെ മുഖ്യ സവിശേഷത. ഏകദേശം 60,000ൽ താഴെ മാത്രമേ എല്ലാ ചിലവുകളും അടക്കം ഇവിടങ്ങളിൽ ഓരോ വർഷവും പഠിക്കാൻ ആവുന്നുള്ളൂ. മിടുക്കർക്ക് അതിനേക്കാൾ ധനസഹായം ലഭിക്കുന്നുണ്ട്. പ്രൊഫഷണൽ സ്ഥാപനങ്ങളായ IITകളും. IIM കളും IISER കളും ഇതിനേക്കാൾ ചിലവ് വരും. എങ്കിൽ കൂടി മികച്ച പ്ലേസ്മെന്റ് ഉറപ്പായതിനാൽ ധനകാര്യ സ്ഥാപനങ്ങൾ സഹായത്തിനെത്തും. വിദ്യാഭ്യാസം കച്ചവടവൽക്കരിച്ച ഒരു കാലത്ത് പണമില്ലാത്തതിന്റെ പേരിൽ കഴിവുണ്ടായിട്ടും പഠനം ഉപേക്ഷിക്കേണ്ട അവസ്ഥ ഇവിടെ രൂപപ്പെടുന്നില്ല. പകരം അവർക്ക് രാജ്യത്തെ ഏറ്റവും മികച്ച വിദ്യാഭ്യാസം തന്നെ ലഭിക്കുന്നു. ചുരുങ്ങിയ ഫീസിനപ്പുറം മറ്റു പല സവിശേഷതകളും ഇവിടെയുണ്ട്.

രാജ്യത്തെ പലവിധ സംസ്കാരങ്ങളുടെ സംഗമഭൂമിയാണ് ഇവിടങ്ങൾ. വ്യത്യസ്തമായ ആശയങ്ങളും ചിന്തകളും ഇവിടെ പ്രോത്സാഹിപ്പിക്കപ്പെടുന്നു. രാജ്യത്തെ ഏറ്റവും മികച്ച അധ്യാപകരുടെ സേവനം, മികച്ച വിദ്യാർത്ഥികൾ, മികച്ച സൗകര്യങ്ങൾ, ലൈബ്രറി, മികച്ച സൗഹൃദങ്ങൾ ഇവയെല്ലാം ഇതിന്റെ പ്രത്യേകതകളാണ്. രാജ്യത്തിന്റെയും പ്രശസ്ത കമ്പനികളുടെയും ഒക്കെ താക്കോൽ സ്ഥാനത്ത് ഇരിക്കുന്നവർ ഇത്തരം സ്ഥാപനങ്ങളിൽ പഠിച്ച് ഇറങ്ങിയവരാണ്.

എന്നാൽ, ഈയിടെ ഇത്തരം സ്ഥാപനങ്ങൾ പലവിധത്തിൽ വിവാദങ്ങൾ, പ്രശ്നങ്ങളിൽ അകപ്പെട്ടു. അതിലേറ്റവും പ്രാധാന്യമുള്ളത് ജെ.എൻ.യു വിലെ പ്രശ്നങ്ങളാണ്.

രാജ്യത്തെ ഏറ്റവും മികച്ച വിദ്യാഭ്യാസ സ്ഥാപനമാണ് ജെ. എൻ.യു. നൊബേൽ സമ്മാന ജേതാക്കൾ, എഴുത്തുകാർ, സാമ്പത്തിക ശാസ്ത്രജ്ഞർ എന്നിവരെയെല്ലാം രൂപപ്പെടുത്തുന്ന കലാലയം. കേന്ദ്ര





മാനവശേഷി വകുപ്പിന്റെ റിപ്പോർട്ടിലും ജെഎൻയു ആദ്യ സ്ഥാനത്തുണ്ട്. എന്നിട്ടും ഈ കലാലയത്തെ ഇല്ലാതാക്കാനാണ് പലരുടെയും ശ്രമം. ഹോസ്റ്റൽ ഫീസ് വർധിപ്പിച്ചതുൾപ്പെടെയുള്ള പ്രശ്നങ്ങളിലാണു നിലവിലെ സമരവും പോലീസ് കയ്യാങ്കളിയുമെല്ലാം. എന്നാൽ യഥാർത്ഥ പ്രശ്നം ഇതൊന്നുമല്ല എന്നതാണ് വാസ്തവം. സർവകലാശാലക്കു പുതിയ രൂപം നൽകാനുള്ള ശ്രമത്തിലാണ് കേന്ദ്രവും സർവകലാശാല അധികൃതരും. 2016 മുതൽ തുടങ്ങിയ മാറ്റങ്ങൾ ഇപ്പോഴും തുടരുന്നു. 2016 ൽ ജെ.എൻ.യു. സർവകലാശാലയിലെ പ്രക്ഷോഭങ്ങളുമായി ബന്ധപ്പെട്ടു നാൽപതിലേറെ വിദ്യാർത്ഥികൾക്കെതിരെ കേസുണ്ടായി. മറ്റു സർവകലാശാലകളെ ചൂണ്ടിക്കാട്ടി ജെ.എൻ.യു.വിനെ അത് പോലെ ആക്കുകയാണ് ലക്ഷ്യം. രാജ്യത്തെ ഏറ്റവും മികച്ച സർവകലാശാലയെ മറ്റു സ്ഥാപനങ്ങളുടെ നിലയിലേക്കു താഴ്ത്തുകയല്ല, അവരെ ജെ. എൻ.യു.വിന്റെ നിലയിലേക്ക് ഉയർത്തുകയാണ് ചെയ്യേണ്ടത്. നികുതിപ്പണം ഉപയോഗിച്ചു വിദ്യാർത്ഥികൾ ദുർത്തടിക്കുന്നു എന്നതുൾപ്പെടെ പല അപവാദങ്ങളും ജെ.എൻ.യു.വിനെകുറിച്ച് പറയുന്നുണ്ട്. എന്നാൽ സ്വതന്ത്ര ചിന്തയും ആശയങ്ങളും പ്രോത്സാഹിപ്പിക്കുന്ന ഇടമെന്ന നിലയിൽ ലോകോത്തരമാണ് ഈ സ്ഥാപനം. അക്കാദമിക് രംഗത്താകട്ടെ വിദേശ സർവകലാശാലകളോടു കിടപിടിക്കുന്നു.

സർവകലാശാലയിലെ 40 ശതമാനം വിദ്യാർത്ഥികളുടെ കുടുംബത്തിന്റേയും മാസ വരുമാനം 12,000/ രൂപയാണ്. ഇങ്ങനെയുള്ള സാഹചര്യത്തിൽ നാലായിരത്തിലേറ രൂപ പ്രതിമാസം ഹോസ്റ്റൽ ഫീസ് ഇനത്തിൽ നൽകുകയെന്നത് ഇവിടെയെത്തുന്ന വിദ്യാർത്ഥികളിൽ പലർക്കും ചിന്തിക്കാനാവില്ല. നേരത്തെ 1500/- രൂപ നൽകേണ്ടിയിരുന്ന സ്ഥാനത്താണ് ഇപ്പോൾ ഇരട്ടിയിലേറെ വർദ്ധനയുണ്ടായിരിക്കുന്നത്. പൊളിറ്റിക്കൽ സയൻസും ഹിസ്റ്ററിയും പഠിക്കാൻ ഏതു ബാങ്കാണ് വായ്പ നൽകുന്നത്. കേന്ദ്ര സർക്കാരിന്റെ പരിഗണനിയിലുള്ള പുതിയ വിദ്യാഭ്യാസ നയം നടപ്പാക്കുന്നതോടെ സർവകലാശാലകൾക്കു യു.ജി.സിയിൽ നിന്നു ലഭിക്കുന്ന സഹായം കുറയും. പ്രവർത്തനത്തിനു സ്വയം പണം കണ്ടെത്തേണ്ടി വരും. പക്ഷേ പുതിയ ഫീസ് നിരക്കുകളും മറ്റും വിദ്യാർത്ഥികളുടെ മേൽ അടിച്ചേൽപ്പിക്കാൻ എങ്ങനെയാണു സാധിക്കുക. ജനാധിപത്യ രീതിയിൽ ചർച്ചയിലൂടെ വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും അഭിപ്രായം കൂടി പരിഗണിച്ചു വേണമായിരുന്നു ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ.


വിദ്യാർത്ഥി സമൂഹത്തെയും അവരുടെ ആശയങ്ങളെയും ഇത്തരത്തിൽ ഇല്ലാതാക്കുകയാണ്. എങ്കിൽ രാജ്യത്തെ സ്വതന്ത്ര ചിന്തക്കും സാമൂഹിക ബോധത്തിനും സാമൂഹിക പഠനത്തിനുമൊന്നും ഭാഷയില്ലാതാകും.

മറ്റൊന്ന് ഈയിടെ ഉയർന്നുവന്ന വംശീയ-മത-ജാതി വിദ്വേഷങ്ങളാണ്. മതത്തിന്റെയും ജാതിയുടെയും പേരിൽ വിദ്യാർത്ഥികൾ സഹപാഠികളിൽ നിന്നും അധ്യാപകരിൽ നിന്നും വിവേചനവും അവഗണനയും നേരിടേണ്ടി വരുന്നു. അടുത്തിടെ ആത്മഹത്യ ചെയ്ത ഫാത്തിമ ലത്തീഫും രോഹിത് വെമുലയും ഇതിന്റെ ഇരകളാണ്. തുല്യതയും നീതിയും ഉറപ്പുവരുത്തുന്ന ഭരണഘടനയെ ഉയർത്തിപ്പിടിക്കേണ്ട ഇടങ്ങളിൽ തന്നെ ഇത്തരം ചെയ്തികൾ നടമാടുന്നത് ഭൂഷണമല്ല. മറ്റൊന്ന് ബനാറസ് ഹിന്ദു സർവകലാശാലയിലെ സംഭവമാണ്. സംസ്കൃതത്തിൽ അഗാധ പാണ്ഡിത്യമുള്ള ഒരു യുവ പണ്ഡിതനെ അയാളുടെ മതത്തിന്റെ പേരിൽ മാത്രം എങ്ങനെയാണ് ഒഴിവാക്കാനാവുക.

ഈ സർവകലാശാലകളുടെ നിലവാരം കുറക്കുന്നതും പഠന ചെലവ് ഉയർത്തുന്നതും സ്വതന്ത്ര ചിന്തകൾക്ക് കുച്ചുവിലങ്ങിടുന്നതും വർഗീയത നിറക്കുന്നതും രാജ്യത്തിനും യുവ-വിദ്യാർത്ഥി സമൂഹത്തിനും നല്ലതല്ല. നിലവിലെ പ്രശ്നങ്ങളെ മറികടന്ന് പ്രതാപത്തിലേക്ക് ഫീനിക്സ് പക്ഷിയെപോലെ കുതിച്ചുയരും എന്ന് തന്നെ പ്രതീക്ഷിക്കാം.



# മാ:



Sandra Pullanikkad
*II BA English*

തെമ്മാടിക്കുഴിയിലെ ഈ ഇടം പണ്ടേ
ഞാൻ കരുതിവെച്ചതായിരുന്നു.
ചൂഷണങ്ങൾക്കെതിരെ നീട്ടിയ
ചൂണ്ടുവിരൽ ഉയർന്നപ്പോൾ...

അവകാശങ്ങൾ അടിച്ചമർത്തി
അരുതെന്ന പദം ആർത്തിരച്ചപ്പോൾ,
അറുത്തുമാറ്റപ്പെട്ട എന്റെ നാക്കിൽ നിന്നും
പ്രതിഷേധാഗ്നിയായി വെടിയുണ്ട
ഉതിർന്നപ്പോൾ....

അവർ എനിക്കിട്ട പേര് ' തീവ്രവാദി'
വിലക്കപ്പെട്ട പ്രതീക്ഷയുടെ നാമ്പുകളെ
കൊട്ടിയുണർത്താൻ ശ്രമിച്ചപ്പോൾ
ദൂരെ കറുത്ത ഒരു നിഴൽ തൂക്കു
കയറുമായി നിൽക്കുന്നു ; 'അരുത് !'

ചങ്ങലകൾക്കെതിരെ ശബ്ദമുയർത്തിയപ്പോൾ
കൂമ്പാരങ്ങളിൽ ഇടയ്ക്കിടെ വന്ന് തോണ്ടുന്നത്
ഉത്തരം കിട്ടാത്ത ചില ചോദ്യചിഹ്നങ്ങൾ മാത്രം !

ആയിരങ്ങളുടെ നിശ്ശബ്ദതകൾ എന്നിലൂടെ
ശബ്ദമായപ്പോൾ
വീണ്ടും ; 'അവൻ തീവ്രവാദി'
ഒടുവിൽ നിലയ്ക്കാത്ത വാദങ്ങളുമായി
ആത്മാവകം വിട്ടുയർന്നപ്പോൾ  അതെ
ഞാനറിയുന്നു ; 'ഞാനാണ് വാദി'





എം ഗോകുൽ
IV Sem BA English

# വെള്ളക്കാരന്റെ രാജ്യം

സ്വർഗ്ഗരാജ്യങ്ങളിലെ ഒരു പരിപാവനമായ കൊട്ടാരം
രാജാവും ഭടനും നിയമപാലകനും കോടതിയും
വിധിയുമെല്ലാം വെള്ളക്കാരൻ തന്നെ

പരിപാവനമാം പരിപൂർണ്ണതയോടും വെള്ളക്കാരന്റെ
മൂന്നു കണ്ണുകളിൽ ഈ രാജ്യം ഭദ്രം...
പുറത്തുനിന്നൊരു മാനവികതയും നവോത്ഥാനവും
ഈ സമാധാനത്തിന്റെ കോട്ടവാതിൽ തുറന്ന് വരികയില്ല

അടുത്ത ജന്മത്തിലേക്കൊരുപടി ജന്മങ്ങളെ വാർത്തെടുക്കുന്നത് ഈ രാജാവിൻ കൽപ്പനക്കപ്പുറം മറുചോദ്യമില്ല
ഭടന്റെ കർമ്മത്തിനെതിരെ നാവനക്കുവാൻ പാടില്ല
മറിച്ച്, തൊണ്ടക്കുഴിയിലൊരനക്കം വന്നാൽ
സ്വാതന്ത്ര്യം കൈയ്യിൽ കൊടുത്ത് ഈ സ്വർഗ്ഗത്തിൽ
നിന്നും മറ്റേതേലുമൊരു നരഗത്തിലേക്കിറക്കിവിടും

ഈ സ്വർഗ്ഗത്തിലെ ചില്ലുഗ്ലാസ്സിൽ നിറച്ച വെള്ളം കണ്ട്
തീ നാളങ്ങളോട് വെള്ളക്കാരൻ പറഞ്ഞു
ഈ ഗ്ലാസ്സിലെ വെള്ളം മുഴുക്കെ നിങ്ങൾക്കു കുടിക്കുവാനും
കുളിക്കുവാനും കഴിക്കുവാനുമാണ് നിങ്ങളെത്ര ഭാഗ്യർ....

തീനാളങ്ങളതു വെള്ളക്കാരന്റെ ഭാരത്തെ പുകഴ്ത്തി
പുറത്തെ സമുദ്രങ്ങളെപ്പറ്റി ചിന്തിക്കാറുപോലുമില്ല
വെള്ളക്കാരൻ പറയും വഴിയേ... വെള്ളക്കാരൻ ചൂണ്ടും
വഴിയെ മാത്രം നടക്കുക അതിലേ ഓടുക
അമ്മയെന്താണെന്നും അച്ഛനെന്താണെന്നതും
ഉറ്റവർ എന്തിന് ഉടയവരെ പോലും എന്താണെന്നത്



അക്ഷരം നോക്കി മനസ്സിലാക്കികൊടുക്കുന്നവൻ അവൻ
തീ നാളങ്ങൾക്കത് അനുഭവിച്ചറിയാൻ പാടില്ലാത്രേ....

സമാധാനത്തിന്റെയും സ്വാതന്ത്ര്യത്തിന്റേയും രാജ്യത്തിൽ
സ്ത്രീ തീനാളങ്ങൾ ഹാ... കഷ്ടം, അവർ
റബർ ബാന്റുകൾ അഥവാ പോയിന്റ് ടു പോയിന്റ് ബസ്സുകൾ
നേർരേഖയിൽ മാത്രമേ പോകാവൂ... ആ വഴിയിലെ
കാഴ്ചകൾ മാത്രമേ കാണാവൂ... വെള്ളക്കാരന്റെ രാജ്യത്ത്
അവന്റെ കണ്ണുകൾക്ക് മാത്രമാണത്രെ കാഴ്ചയുള്ളത്.

അവന്റെയടുക്കളെത്തോട്ടത്തിൽ നട്ട പുളിമാവിന്റെ
കൊമ്പത്ത് ചക്ക കാണാത്തതിൻ
മാവിൽ വേരറത്തു കളയും, പിടിച്ച് രാജ്യത്തീന്ന്
പുറത്തിടും...,  പിന്നെ എന്തുകൊണ്ടതിൽ ചക്കയില്ല
എന്ന ഉത്തരത്തിനായുള്ള ചർച്ചകൾ ഗംഭീരം...
മാവിലുണ്ടാകേണ്ട മാങ്ങയെ കാണാതെ ഊർ മാമ്പഴത്തിന്റെ
രുചിയെ അറിയാതെ, അതിനുവേണ്ടി വെള്ളം തൂവാതെ
ചക്കയെ മാത്രം കാത്തിരിക്കുന്നവൻ അവൻ.
അതൊരു മാവാണെന്നതാരും പറയുവാൻ പാടില്ല... കാരണം
വെള്ളക്കാരൻ അവൻ സ്വർഗ്ഗരാജ്യത്തിന്റെ അധിപൻ.

യുവത്വം നിറഞ്ഞു തുളുമ്പും തീ നാളങ്ങളെയവൻ
സ്വർഗ്ഗരാജ്യത്തിനുള്ളിലിട്ട് എണ്ണയിൽ വറക്കുമ്പോൾ
നാളെ മാനുഷിക മൂല്യങ്ങൾ കാത്തിരിക്കും രാജ്യങ്ങളിൽ
കത്തി തീർന്ന നാളങ്ങൾ പരക്കുന്നു.

ജ്വലമായ തീ നാളങ്ങൾക്ക് അത് ആർക്കുവേണ്ടി എന്തിനുവേണ്ടി ?
വേണ്ടത് ആയിരം വാൾട്ട് ബൾബിന്റെ വെളിച്ചമുള്ള
സ്നേഹം ഊർജമായ് പകരുവാൻ പോന്ന

ജീവിതത്തിന്റെ യാഥാർത്ഥ്യം പകർത്തുവാൻ പോന്ന,
അറിവിന്റെ മാത്രമല്ല അനുഭവത്തിന്റേയും വെളിച്ചം
ചേർന്ന തീ നാളങ്ങളാണ് നാളെകളിലേക്ക് വേണ്ടതെന്ന്
നിങ്ങളാരും വെള്ളക്കാരനോടു പറയുവാൻ
പാടില്ല... കാരണം അവൻ... അവനീ
സ്വർഗ്ഗരാജ്യത്തിന്നധിപൻ സ്വാതന്ത്ര്യത്തിൻ അമരക്കാരൻ
കത്തിതീർന്നുപോയ ഒരുപിടി ജ്വലങ്ങളുടെ കാവൽക്കാരൻ





# കാലൻ

Arya Lakshmi
IV Sem BA English



കുറച്ചു കാലമായി
പ്രേതങ്ങളുടെ
ലോകത്ത് നല്ല തിരക്കാണത്രേ,
അവിടെ സ്വർഗമെന്നോ
നരകമെന്നോ ഇല്ല.
ജാതിയുടേയും മതത്തിന്റെയും
പേരിൽ തർക്കവുമില്ല,
എല്ലാവരും
ഒന്നിച്ചു വാഴുന്ന സ്വർഗനഗരം
അവിടെ, മതഭ്രാന്തന്മാർ
വെട്ടിക്കൊന്ന
കമിതാക്കളും, കമ്മ്യൂണിസ്റ്റും,
രാജ്യദ്രോഹിയും, മാവോയിസ്റ്റും
പീഢനത്തിനിരയായ പിഞ്ചു
പൈതങ്ങളുമെല്ലാം ഉണ്ട്.
എന്തായാലും, കള്ളന്മാരും
രാഷ്ട്രീയക്കാരും
സംഘടിച്ചേപിന്നെ,
കാലന് നല്ല കോളാണ്.



# TIMES NEW YOUTH


Imagine yourself in a dark room, not wide enough to lie down and not tall enough to stand up. And you fear the darkness surrounds you .And then a window opens up. You see light outside .You see colored men and women moving on , you see buildings trying to kill the sky, all trying to reach their goals, day by day. Is this the so called co-operate world? Or the 'Nine to Five' jobs as everyone describe? Are you stuck inside the so called 'cavern of life'? Now snap yourself out of the artistry. Come back to your senses, look around you .There is colures, Right? You can lie down and stand up .You are free from the shackle of your in capacitance that you created a while ago in your mind's eye. You own yourselves right now. That's right. Own yourselves.

Everyone has their own ideas.We hear the word 'Start up'almost everyday. But what we lack is the power to stand up to ourselves-.Take risks and always remember that we are the future......

Its a astonishing fact that out of vivo startups that turn into success,most of them are entreprenuers aged below twenty. And they do realise the importance of making this world a better place and they strive hard to achieve it. Rich or poor, corporate or regular jobs all does not matter actually. The question is are you being productive in what you are doing? Or are you living each a giant spin wheel? Then we all are waiting our golden ages. Bill Gates would never ever start an operating system again and Jeff Bezos would never start an E-commerce website ever again. That is because, unless we have something to contribute, our idea would be of sheer waste. So the primary goal should not be money, but instead focus on productivity.

Our economy lacks this now-a-days.What happened in Germany , after the 1970's could be our today.Forget about all the social insecurities and don't mistake 'risks' with any 'gambling'. And I firmly believe learning is more importat than education . So I belive that we should always follow our passion. Forget about the salary, focus on productivity and happiness. We all might not grow up to the rich in the future,but what is the usefullness of being rich , if you have nothing to offer? I would rather take the side of a person doing a regular job , finding time to cultivate something or a person who has a start up ,works eighteen hours a day and still finds time to volunteer for environment production during his weekends. Rather than the factory owner who is a millionaire,still doing nothing but harming the environment.

As the youth, it is our prime duty to channelise our ideas and the knowledge that we have into a more productive manner. So lets all join hands to make this world a better place.




Pranoy Krishna
III BA Economics



# ഓട്ടം

ഓട്ടം തന്നെയാണ്
എന്നാൽ ഒളിച്ചോട്ടമോ...?
അല്ല ....ഓട്ടം ?
ആഞ്ഞടിക്കുന്ന തിരമാലകളിൽ നിന്ന്
വീശിയടിക്കുന്ന കൊടുങ്കാറ്റിൽ നിന്ന്
കെട്ടുപിണഞ്ഞുകിടക്കുന്ന
ചങ്ങലകളിൽ നിന്ന്
അതെ തുടങ്ങുകയാണ്.....!
അല്ല തുടരുകയാണ്....!
തുടങ്ങുക ! തുടരുക !
ഏതാണ് ശരി ?
തൊണ്ടയിൽകുടുങ്ങിയ
മുള്ളുപോലെയാണത്...
ഏതായാലും പാച്ചിലാണ്
ജീവിതമാകുന്ന സ്റ്റേഡിയത്തിൽ
തലങ്ങും വിലങ്ങും
എന്നാൽ തിരിച്ചറിവ് പോലും മുഖം
തിരിക്കുമ്പോഴോ...!
കാരണം, അതായിരുന്നു ചോദ്യം
' ജീവിതം...' തുടക്കമെവിടെ ?
ഒടുക്കമെവിടെ...? '
തിരഞ്ഞു ഒരുപാടൊരുപാട്....

ലൈബ്രറിയിലെ ചിതലരിച്ച
ഡിക്ഷണറികളിൽ..,
എം.ടിയുടെ നോവലുകളിൽ,
കൊയ്‌ലോയുടെ ഗ്രന്ഥങ്ങളിൽ,
ടാഗോറിന്റെ കവിതകളിൽ,
സർവ്വോപരി ഗൂഗിളിൽ,
ഒരു നല്ല നിർവ്വചനത്തിനുവേണ്ടി
ശൂന്യം.....
പിന്നെന്തിനാണ് ഈ ഓട്ടം,
എങ്ങോട്ടാണ് ?
ഒടുവിൽ ഇങ്ങനെ നിറുത്താനാണ് തോ
ന്നിയത്;
" ജനനം മരണം
ഇവയ്ക്കിടയിൽപ്പെട്ടു ഞെരുങ്ങിയ
മൂന്നക്ഷരം ജീവിതം "



Sandra Pullanikkad
II BA English



വരൂ മനുഷ്യാ.... സുസ്വാഗതം.
ഇരുട്ടിന്റെ മൺപുറ്റിൽ നിന്നും പുറത്തുവന്ന
താങ്കൾക്ക്
അഭിനന്ദനങ്ങൾ...!
പൊടിപടങ്ങളാൽ ശ്വാസം മുട്ടിയ നിനക്ക് മറ്റൊരു
ലോകത്തിലേക്ക് ഞാൻ വഴിയൊരുക്കുന്നു,
ഇതിലെ.... ഇതിലെ....
നമുക്കൊന്ന് സഞ്ചരിക്കാം...
പോയകാലങ്ങളെ നോക്കി സ്തംഭിക്കാതെ,
നമുക്കൊരുമിച്ച് അതിനെ തിരിച്ചറിയാം.
പുകയാൽ മൂടപ്പെട്ട നിന്നെ ചേറാൽ ഒന്നു
കുളിപ്പിക്കട്ടെ.
കൊഴുപ്പ് മാറ്റി വീർത്ത ഇറച്ചിയെ വിയർപ്പാൽ
ഉറപ്പിലൊട്ടിച്ച് നിർത്തട്ടെ..
വരൂ യാത്രചെയ്യാം.....



# നാമ്പ്

ഇപ്പോൾ ഞാൻ നിശബ്ദതയെയാണ്
സ്നേഹിക്കുന്നത് കാരണം
എന്റെ ഉള്ളിൽ എന്താണോ ഞാൻ
പറയാൻ ആഗ്രഹിക്കുന്നത് അത്
വാക്കുകളാൽ കെട്ടിപൂട്ടാൻ കഴിയില്ല
ശൂന്യതയിലും ഒരു സംതൃപ്തി ഞാൻ
അറിയുന്നു. അതെ തികഞ്ഞ
ശൂന്യത..!
എന്റെ മുന്നോട്ടുള്ള ജീവിതത്തിൽ
എന്റെ ചിറകുകൾക്കു ശക്തിയേകാൻ
ഒരിളം കാറ്റുപോലും ഇപ്പോൾ ഇല്ല.
എന്റെ കണ്ണുകൾ മൂടപ്പെട്ടിരിക്കുന്നു.
എന്നിരുന്നാലും ഞാൻ ചിരിക്കാറുണ്ട്
ആത്മാർത്ഥമായിത്തന്നെ...
കാരണം ഞാൻ അറിയുന്നത്
എന്നെത്തന്നെയാണ്....
എന്റെ ഉള്ളിലെ വരികളെയാണ്...
സംഗീതത്തെയാണ്.

എനിക്ക്  വിടർന്ന ചിറകുകളുണ്ട്,
എന്റെ യാത്ര വളരെ
ദൈർഘ്യമുള്ളതാണ്,
എന്നിരുന്നാലും എന്റെ ജീവിതത്തിലെ
എല്ലാ സങ്കീർണതകളെയും വെടിഞ്ഞ്
ഒരു നാൾ തീരത്തണയാറുണ്ട്.
അവിടെ നാളെയുടെ
പുതുനാമ്പുകളെ
തളിരണിയിക്കാനായി...!
വീണ്ടും തികഞ്ഞ സങ്കീർണതയിലേക്ക്
തന്നെ
എന്റെ ചിറകുകൾക്കു കൂട്ടാകുവാനും
എന്റെ പാതയ്ക്ക് നിറമേകുവാനും
ഇനിയും രണ്ടു ചിറകുകൾ
സമാഗതമാകാനുണ്ട്
അവയെ എനിക്ക് വിശ്വസിക്കാം അവ
എന്റെ
മനസ്സിന് ദൃഢതയും സന്തോഷവും
പകരും
ഒരായുസ്സുമുഴുവൻ
കരകാണാകടലിനുമീതെ
ആ പക്ഷികൾ പറന്നകലുകയാണ്.
താഴെ പൂർണചന്ദ്രന്റെ പ്രഭയിൽ
ശാന്തമായി
ആകാശത്തെ സ്വയം ഏറ്റുവാങ്ങി
സ്വച്ഛമായി
തിരകളെ തഴുകുന്ന കടലായിരിക്കും.
മറ്റൊരു വശത്ത് സ്വയം
ക്ഷോഭിക്കുന്നതും
ഇവയിലൊക്കെയും പതറാതെ ആ
ചിറകുകൾ
അനന്തതയിലേയ്ക്കുള്ള
പ്രയാണത്തിലായിരിക്കും

ഞാൻ തനിച്ചിരുന്ന് എന്നിലേയ്ക്ക്
കാതോർക്കുമ്പോൾ ആ പക്ഷികൾ എന്നോട്
മന്ത്രിക്കാറുണ്ട്....
'ഒരു നാൾ നീയും ആ ദ്വീപസമൂഹത്തിലേയ
്ക്ക്
പോകും അവിടെ നിനക്ക് കൂട്ടായ
ചിറകുകളെ നീ  കണ്ടുപിടിക്കും....'




അഞ്ജന. കെ.പി
*II BSc Physics*



# തിരിച്ചറിവ്

അറിവിൻ നിറകുടമാം എൻസൈക്ലോപീഡിയ
വലിച്ചാൽ കീറുമെന്ന തിരിച്ചറിവ്....
നിൻമുന്നിൽ നിൽക്കും യുവതി മറ്റൊരുടെയോ
സഹോദരിയെന്ന തിരച്ചറിവ്...
കർഷകർ തൻ വിളവീ രാജ്യത്തിൻ
വിളക്കെന്ന തിരിച്ചറിവ്...
അറിവ് പകർന്നൊരെ അമ്മതൻ
കൈകളെന്ന തിരിച്ചറിവ്
അറിയവാന്നും അറിഞ്ഞിട്ടില്ല
ന്നറിയുന്നതാ തിരിച്ചറിവ്



മുബഷിർ
4 Sem Physics





# അതിജീവനത്തിന്റെ കാൽപന്ത് കളി



മുഹമ്മദ് മുസ്തഫ. കെ.പി
*VI Sem BA Economics*

യുദ്ധവും കലാപവും ദാരിദ്ര്യവും വലിയ ഹർഡിലുകളായി മുമ്പിൽ വന്നപ്പോൾ അവയെ അതിജയിക്കാനുള്ള പോരാട്ടത്തിന്റെ ആയുധമായാണ് മനുഷ്യൻ കലയെയും കളികളെയും കണ്ടത്. സാമൂഹികരാഷ്ട്രീയ പ്രശ്നങ്ങളെ തരണം ചെയ്യാനുള്ള അത്തരം ഉപാധികളിൽ ശ്രേഷ്ഠസ്ഥാനത്ത് തന്നെയാണ് ഫുട്ബോളിനും സ്ഥാനം.

ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളും സന്ധികളും വികാരങ്ങളും പ്രതിഫലിക്കുന്ന ഒരു സമ്പൂർണ്ണ ഗെയിമാണ് ഫുട്ബോൾ. സന്തോഷം, സങ്കടം, നിരാശ, പ്രതീക്ഷ, വാശി, സംഘട്ടനം, നാടകീയത, ഓർക്കാപ്പുറത്തെ കീഴ്മേൽ മറിച്ചിൽ എന്നിങ്ങനെ ഫുട്ബോളും മനുഷ്യ ജീവിതം എന്ന കളിയും ഒരേപോലെയാണ്. അതുകൊണ്ട് തന്നെ ജീവിതത്തിന്റെ സാമൂഹികസ്വത്വ പ്രതിസന്ധികളെ മറികടക്കാൻ ഫുട്ബോളിനോളം പോന്ന മറ്റൊരു ഉപായം വേറെയില്ല. കൊടുക്കുക, വാങ്ങുക, ഒന്നിച്ച് ആഘോഷിക്കുക. ഇല്ലെങ്കിൽ ഒന്നിച്ച് സഹകരിക്കുക എന്ന കളിയുടെ അകം പൊരുളും ഹരവും ജനങ്ങൾ ജീവിതത്തിലും പകർത്തുന്നതോടെ അവിടം ഒരു സ്വർഗം സൃഷ്ടിക്കപ്പെടുന്നു. അതുകൊണ്ടായിരിക്കണം സ്വാമി വിവേകാനന്ദൻ ഇങ്ങനെ പറഞ്ഞത്. " സ്വർഗത്തിൽ പോകാൻ മെച്ചപ്പെട്ട മാർഗ്ഗം ഗീതവായിക്കുന്നതിനേക്കാൾ ഫുട്ബോൾ കളിക്കുകയാണ്" എന്ന്.

എസദ്വേർഡോ ഗലിയാനോ തന്റെ പുസ്തകത്തിൽ ജോനാഫൻ കാബാൻ എന്ന ബ്യൂണിന് ഐറിസുകാരനെ പരിചയപ്പെടുത്തുന്നുണ്ട്. എന്നും മദ്യശാല മേശയിൽ മുഖം താഴ്ത്തി ഇരിക്കുന്ന ഒരു വിളറിവെളുത്ത മനുഷ്യനെകുറിച്ച്. അർജന്റീന സാമ്പത്തികമായി പൊട്ടിപ്പൊളിഞ്ഞ 1990 കളിൽ ജോലിയും ജീവിതം തന്നെയും നഷ്ടമായ ലക്ഷങ്ങളിൽ ഒരാളാണ് കാബാൻ.

ഭക്ഷണം പോലും കഴിക്കാൻ പണമില്ലാത്ത അദ്ദേഹം മദ്യശാലയിൽ എന്തിന് വന്നിരിക്കണം. രാത്രി എപ്പോഴേ നടക്കാനിരിക്കുന്ന മറഡോണയുടെ കളികാണുക മാത്രമായിരുന്നു അയാളുടെ ലക്ഷ്യം. അല്ലെങ്കിൽ അതിന് മാത്രമാണ് അയാൾ ജീവിച്ചിരിക്കുന്നത് പോലും. മറഡോണ കളത്തിൽ നേടിയതിനെക്കാൾ വലുതായി ഗലിയാനോ പറയുന്നത്. ' പൊളിഞ്ഞുപോയ ഒരു രാജ്യത്തെ വെറും ഒരു പന്ത് കൊണ്ട് മറഡോണ കൂട്ട ആത്മഹത്യയിൽ നിന്ന് രക്ഷിച്ചു് വീണുപോയ ഒരു ജനതയെ തന്റെ ഇടം കാലുകൊണ്ട് മറഡോണ വഴിനടത്തി, വിജയത്തിലേക്കും ആത്മവിശ്വാസത്തിലേക്കും പ്രതീക്ഷയിലേക്കും സാമൂഹിക സ്വത്വപ്രതിസന്ധികളെ ഒരു പന്ത് മാറ്റിമറിക്കുന്ന കാഴ്ച.







കാൽപന്ത് കളിയുടെ ശക്തി സൗന്ദര്യങ്ങൾ മഹാനേതാക്കളെല്ലാം തിരിച്ചറിഞ്ഞിരിക്കുന്നു.
നെൽസൺ മണ്ടേലയും യാസർ അറഫാത്തും അതിൽ ഉൾപ്പെടും. ജീവിത കാലം മുഴുവൻ ഫലസ്തീൻ വിമോചന പോരാട്ടത്തിന് ചൂട് പിടിച്ച അറഫാത്ത് ഒരിക്കൽ പറഞ്ഞു; അൽവഹ്ദത്ത് ക്ലബ്ബ് ഫുട്ബോൾ ക്ലബ്ബ് നമ്മുടെ മുദ്രാവാക്യങ്ങൾ എന്നെക്കാൾ ഉച്ചത്തിൽ അലറി വിളിച്ചിട്ടുണ്ട് എന്ന്.

ഒരു നാടിനെ ഒന്നിപ്പിക്കാൻ, പ്രചോദിപ്പിക്കാൻ മൈതാനത്ത് നേടുന്ന വിജയത്തോളം പോന്ന മറ്റൊന്നില്ല. ശ്രേഷ്ഠ ചരിത്രമോ നിഷ്ഠകളോ പട്ടാള നേട്ടങ്ങളോ ഒന്നും തന്നെ അതിന് ഒരിക്കലും തുല്യമാവില്ലെന്നും നെൽസൺ മണ്ടേലയും പറഞ്ഞിട്ടുണ്ട്.

മഹാത്മാഗാന്ധി അദ്ദേഹത്തിന്റെ ദക്ഷിണാഫ്രിക്കൻ ജീവിത കാലത്ത് ക്രൂരമായ വംശീയ അടിച്ചമർത്തലുകൾക്കെതിരെ പോരാടാൻ മൂന്ന് ഫുട്ബോൾ ക്ലബ്ബുകൾ തുടങ്ങിയിരുന്നു. ഡർബൻ, പ്രിടോറിക്ക, ജോഹാൻസ് ബർഗ് എന്നിവിടങ്ങളിലായിരുന്നു ക്ലബ്ബുകൾ . ഗ്രൗണ്ടിൽ നേടുന്ന യോജിപ്പ് ജനങ്ങൾ ജീവിതത്തിലും പകർത്തുന്നതോടെ അത് വംശീയ വിരുദ്ധ പോരാട്ടങ്ങൾക്ക് ശക്തി പകരുമെന്ന് അദ്ദേഹം തിരിച്ചറിഞ്ഞിരുന്നു.
ബ്രിട്ടനെന്ന സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തെ മലപ്പുറത്തെ മാപ്പിളമാർ ആദ്യമായി തോൽപ്പിച്ചത് ബൂട്ടിട്ട് കളിച്ച ബ്രിട്ടീഷുകാരനെ നഗ്നപാദരായി കളിച്ച് കോട്ടപ്പടിയുടെ കളി മൈതാനത്താണ്. പ്രശ്ന കലുഷിതമായ കശ്മീർ ജനതക്ക് അതിജീവിക്കാനുള്ള പ്രതീക്ഷ നൽകുന്ന ഒന്ന് റിയൽ കാശ്മീർ ക്ലബ്ബാണ്. തലക്ക് മുകളിലൂടെ സ്കഡ് മിസൈൽ ചീറി പായുമ്പോഴും ഇറാഖിലെ അമ്മോ ബാബയെ പോലുള്ളവർക്ക് കളിക്കാനുള്ള മനക്കരുത്ത് പകരുന്നത് ഫുട്ബോളിന്റെ മാസ്മരിക ശക്തിയാണ്.


ഇവ്വിധം സമൂഹത്തിനും രാഷ്ട്രത്തിനും മാത്രമല്ല വ്യക്തികൾക്കും അതിജീവിക്കാനുള്ള ചാലക ശക്തിയായി ഫുട്ബോൾ നിലകൊള്ളുന്നു. ആധുനിക ഫുട്ബാളിലെ മൂന്ന് പ്രതിഭകളാണ് മെസ്സിയും നെയ്മറും റൊണാൾഡോയും. ഗ്രോത്ത് ഹോർമോൺ ഡെഫിഷ്യൻസി ബാധിച്ച മെസ്സി ലോകത്തിലെ മികച്ച കളിക്കാരനായതും അനീമിയ ബാധിച്ചും ബാല്യത്തിൽ മരണത്തെ മുഖാമുഖം കണ്ട ആക്സിഡന്റിനെ നേരിട്ട് നെയ്മർ പിന്നീട് ലോകത്തെ ഏറ്റവും വിലകൂടിയ ഫുട്ബോൾ താരമായതും സ്കൂൾ വിദ്യാഭ്യാസ കാലത്ത് ടീച്ചർ പരിഹസിച്ചപ്പോൾ സ്കൂൾ നിർത്തിയ റൊണാൾഡോ പിൽകാലത്ത് ആ സ്കൂൾതന്നെ വിലക്ക് വാങ്ങിയതും തങ്ങൾ നേരിട്ട പ്രതിസന്ധികളെ ഫുട്ബോൾ പകർന്ന് നൽകിയ ഊർജം കൊണ്ട് അതിജയിച്ചാണ്.

ഇവ്വിധം ഏതൊരു കളിക്കാരന്റെ ചരിത്രം പരതിയാലും നമുക്ക് കാണാം ഒരു ആഭ്യന്തര യുദ്ധത്തിന്റെ, പട്ടിണിയുടെ ജീവിത പ്രശ്നങ്ങളുടെ ഒരു നീണ്ട കഥയെ

ഇ

ഇവയെ അതിജീവിച്ച് ലോകത്തിന്റെ മുൻനിരയിലേക്ക് നീങ്ങാൻ അവരെ സഹായിച്ച ഓരേയൊരു സംഗതി എന്നത് അത് ഫുട്ബോളാണ്.

ഒരു ദിവസത്തെ മാനസിക പ്രശ്നങ്ങളെ കുറച്ചു നേരത്തെ ഫുട്ബോൾ കളി മായ്ച്ചുകളയുന്ന മാസ്മരികത അനുഭവിച്ചിട്ടുണ്ടാവും നമ്മളിൽ പലരും. ഫുട്ബോൾ എന്നത് സുനാമിപോലെ ആർത്തിരമ്പി വരുന്ന പ്രശ്നങ്ങളെ അതിജീവിക്കാനുള്ള മന്ത്രമാണ്. അതെ അതിജീവനത്തിനുള്ളതാണ് കാൽപന്ത് കളി.













Aswathi Mohan
*II Sem Bsc Physics*

# പ്രയാണം

തുടരുകയായ് നാമീപ്രയാണം
എങ്ങോട്ടെന്നറിയാതെ
ചോദിച്ചു ഞാൻ പലവട്ടം സ്വയം
ഇതിൻ തുടക്കവുമൊടുക്കവുമെവിടെ
ഉത്തരം തരാതെ തുടങ്ങുന്നീയാത്ര വീണ്ടും

ജീവിതമെന്തുപഠിപ്പിച്ചു നമ്മെ
അറിയില്ലെനിയ്ക്കുത്തരം ഇപ്പോഴും
ശിശുവാണു ഞാൻ എൻ ചോദ്യത്തിനുമുന്നിൽ
നാം കേവലം ഈ പ്രയാണത്തിലെ യാത്രികർ

അറ്റമില്ലെ ഈ പ്രയാണത്തിന്, അതോ
ഈ യാത്ര അനന്തമോ
എന്തിനു നാമീ പ്രയാണത്തിലെ യാത്രക്കാരായി
ഒടുവിൽ മരണത്തിന് കീഴ്പ്പെടാനോ

തുടരുന്നീ കാത്തിരിപ്പെന്നാൽ
അറിയില്ല ആർക്കെന്ന് എന്തിനെന്ന്
അരങ്ങു തകർക്കുന്നു നാമീവേദികളിൽ, എന്നാൽ
നാം ഒരിയ്ക്കൽ അരങ്ങൊഴിയേണ്ടവർ




# കാഴചപാട

നമ്മുടെ അടുത്ത് ഇരിക്കുന്ന ഒരു സുഹൃത്തിനെ എത്രപേർ മനസ്സിലാക്കാൻ ശ്രമിച്ചിട്ടുണ്ട്. ഒരാളെ അയാളുടെ കണ്ണുകൊണ്ട് ഒന്നു കാണാൻ ശ്രമിച്ചാൽ, അയാളുടെ മനസ്സ് ഒന്ന് കാണാൻ ശ്രമിച്ചാൽ, അയാളുടെ മനസ്സ് ഒന്നു അറിയാൻ ശ്രമിച്ചാൽ തീരാവുന്നതേ ഉള്ളൂ നമ്മുടെ പ്രശ്നം. പണ്ട് പറഞ്ഞ് കേട്ട ഒരു കാര്യം ഉണ്ട്. രാജ്യം നഷ്ടപ്പെട്ട രാജാവിനും കളിപ്പാട്ടം നഷ്ടപ്പെട്ട കുട്ടിക്കും ഏകദേശം ഒരേ ദു:ഖമാണ് എന്ന്. അവന്റെ ലോകം ആ കളിപ്പാട്ടം ആണ്. അത് നഷ്ടപ്പെടുന്നത് അവനെ സംബന്ധിച്ചിടത്തോളം അവന്റെ രാജ്യം നഷ്ടപ്പെടുന്നത് പോലെയാണ്. നമുക്ക് പക്ഷേ അത് മനസ്സിലായിക്കൊള്ളണം എന്നില്ല. കാരണം ആ കുഞ്ഞിന്റെ കാഴ്ചപ്പാടിൽ നമ്മൾ ആരും കാണാത്തത് കൊണ്ടുതന്നെയാണ്.

പക്ഷെ മറ്റൊരു വ്യക്തിയെ നമ്മളായിതന്നെ കാണണം എന്ന് പഠിപ്പിച്ച കുറെ വ്യക്തികൾ നമ്മുക്കു ചുറ്റും ഉണ്ട്. ഒരു ' പ്രളയം' വന്നപ്പോൾ നമ്മെ പഠിപ്പിച്ചതും അതുതന്നെയാണ്. എറണാകുളം ബ്രോഡ്വേയിലെ കടയിൽ തന്റെ മുഴുവൻ വസ്ത്രവും എടുത്ത് കൊടുത്ത നൗഷാദ്, മുട്ടറ്റം വെള്ളത്തിൽ ചവിട്ടി നടന്നുപോകാൻ തന്റെ മുതുക് കുനിച്ചുകൊടുത്ത നീലക്കുപ്പായക്കാരൻ ജയ്സൽ. സൈക്കിൾ വാങ്ങാൻ കൂട്ടിവെച്ച കൊച്ചു സമ്പാദ്യം, വീടും സമ്പാദ്യവും നഷ്ടപ്പെട്ടവർക്ക് ദാനം ചെയ്ത രണ്ടു കൊച്ചുമക്കൾ, ഇവരെപ്പോലെ മറ്റനേകം പേർ. ഇവരൊക്കെ പറയാതെ നമ്മോട് പറഞ്ഞതും അത് തന്നെയാണ്. അവരും നമ്മൾ തന്നെയാണ് എന്നതാണ്.

ഈ ലോകത്ത് സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും എല്ലാവരും പാട്പെടുകയാണ്. പക്ഷെ അത് വളരെ സിമ്പിള് ആടോ
നമ്മൾ മറ്റുള്ളവരെ അവരായി അംഗീകരിച്ചാൽ മതി.



**VANESSA BEATRICE ISAACS**
*Psychology Dept.*

പണ്ട് ഗുരുവിനോട് ഒരു ശിഷ്യൻ ചോദിച്ച ചോദ്യം ഉണ്ട്. " രാത്രി അവസാനിച്ചെന്നും പകൽ ആരംഭിച്ചു എന്നും നിങ്ങൾക്ക് എങ്ങനെയാണ് മനസ്സിലാകുന്നത് എന്ന്" പലരും പല ഉത്തരങ്ങളും പറഞ്ഞു. അവസാനം ഗുരു പറഞ്ഞ ഉത്തരമാണ് നിങ്ങൾ മുന്നിൽ കാണുന്നത് നിങ്ങളുടെ സഹോദരൻ/സഹോദരി ആണെന്ന് നിങ്ങൾക്ക് എപ്പോഴാണ് ബോധ്യപ്പെടുന്നത് അതിന്റെ പേരാണ് പകൽ. അത് എപ്പോഴാണോ മനസ്സിലാവാത്തത് അപ്പോൾ നിങ്ങൾ ഇരുട്ടിലാണ്. ആ ഇരുട്ട് മാറും നമ്മൾ മാറുമ്പോൾ.

മാറേണ്ടത് ശരിക്കും നമ്മൾ ഓരോരുത്തരല്ല, നമ്മുടെ കാഴ്ചപ്പാടുകളാണ്. ആ കാഴ്ചപ്പാടുകളാണ് നമ്മളെ ഓരോരുത്തരേയും മാറ്റുന്നതും, അതുപോലെ വ്യത്യസ്തരാക്കുന്നതും.

# നിഴൽ



ആദില നാസർ
*4th Sem Bsc. Psychology*

എന്റെ ജീവന്റെ ഓരോ തുടിപ്പിലും
നീ കൂടെ നിന്നു
എന്റെ ചെറു പുഞ്ചിരിയിലും,
ഞാൻ ഒടുക്കിയ നൊമ്പരത്തിലും,
തീയായ് പടർന്ന എൻ കോപത്തിലും,
എൻ കണ്ണിൽ തെളിഞ്ഞൊരാ പ്രണയത്തിലും,
നീയായിരുന്നു സാക്ഷി,  നീയായിരുന്നു കൂട്ട്
ബാല്യത്തിലെ തുടിപ്പിലും
യൗവനത്തിലെ കുതിപ്പിലും
വാർദ്ധക്യത്തിലെ ചമർപ്പിലും
വേർപിരിയാതെ നീ കൂടെ വന്നു
പകലിന്റെ രശ്മിയിൽ നീ എന്നെ അനുഗമിച്ചു
ചുട്ടുപൊള്ളുന്ന ഉച്ചച്ചൂടിൽ നീ എന്നിൽ ലയിച്ചു,
ചന്ദ്രൻ തൻ നിലാവിൽ നീ എന്നെ പിൻതുടർന്നു
നീ എനിക്ക് കാണിച്ചുതന്നു,

ജീവിതവും എൻ ചെറു ജീവനും
പക്ഷെ പിന്നീട്, വെളിച്ചത്തിന്റെ കപടതയിൽ,
നീയും എന്നെ വഞ്ചിച്ചു
പ്രഭാത സൂര്യൻ തൻ രശ്മി ഒരു
മേഘതുണ്ടിൽ മറഞ്ഞപ്പോൾ നീയും അകന്നു.
അന്നാ ഇരുട്ടിൽ ഒരു പറ്റം നരഭോജികൾ
എന്നെ പിച്ചിചീന്തിയപ്പോൾ
അന്നാ അപരന്മാർക്കൊപ്പം കൂടി
നീയും എന്നിൽ ലയിച്ചില്ലെ ?






ശ്രീലക്ഷ്മി വി.പി
*II BA English*





# ഓർമ്മയുടെ കണം

മാഞ്ഞുപോകാതെ സൂക്ഷിച്ചിടുന്നു ഞാൻ
നിന്റെയാ പുഞ്ചിരി എൻ ഹൃത്തിനുള്ളിൽ
കാലമേറെ പഴക്കമുണ്ടെങ്കിലും
ഓർത്തിടുന്നു ഞാൻ എന്നുമെന്നും
പൂവുപോലുള്ളൊരാ പുഞ്ചിരിയിൽ
മാടിവിളിക്കുന്നു നിൻ സനേഹമെന്നും
എങ്കിലും ശാന്തമാകാത്തൊരെൻ മനസ്സിന്റെ
തേങ്ങൽ മറക്കുന്നു നിൻ പുഞ്ചിരിയിൽ
പൂക്കളോടൊത്തും പൂത്തുമ്പിയോടൊത്തും

ആനന്ദമായ് നാം കഴിഞ്ഞകാലം
ഒരു ചിരി നൽകി പറന്നുപോം
തുമ്പിയോടരുതേ, എന്നു നാം ചൊല്ലിയതും
കാറ്റത്തിളകുന്ന പൂക്കളേ കേട്ടുവോ
ആ ചിരി നിങ്ങളും തന്നതല്ലേ
എന്തിനെന്നറിയാതെ കാത്തിരിക്കുന്നു ഞാൻ
ഓർമ്മയിൽ നിന്നെ നിനച്ചിരിക്കാൻ
എന്റെ ആ ഓർമ്മയിൽ ആ ചിരി മായാതെ
പിന്നെയും പിന്നെയും നിന്നിടുന്നു.





അഞ്ജന. കെ.പി
*II BSc Physics*

# നാടിന്റെ ആരാച്ചാർ



മണ്ണും മനുഷ്യനും ഇഴചേർന്നു ജീവിച്ച
കാലമിന്നന്യമായ് അകലെയായ് മറയുന്നു.
ഉറ്റോർക്കും ഉടയോർക്കും പിഴകെട്ടി അഴികെട്ടി
നാടിനെ തൂക്കിലേറ്റാനായ് പിറന്നോരവർ
പഞ്ചേന്ദ്രീയങ്ങൾക്ക് ജീവനറ്റെന്നപോൽ
മരപ്പാവയായ് മാറി മനുഷ്യനിന്നീ ലോകത്തിൽ
കാൽക്കീഴിലുണ്ടെന്നുറച്ച മണ്ണും ഇന്ന്
ഊർന്നിറങ്ങീടുന്നു വിരഹവേദനയാലെ
മാനവർക്കുണ്ടെന്നുറച്ച ഭാവങ്ങളിന്നറ്റുപോയ്
ഒരു തുള്ളി ഉറവ ബാക്കിവെയ്ക്കാതെ
സത്യമിന്നുടയോർക്ക് ധരിച്ചെന്നു കരുതുന്നു

ഇനിയീമരം വെറും പാഴ്തടിയാണ്
ഇന്നുതൊട്ടൊരുനാളും ഇതിവിടെ
തളിർക്കില്ല,  പൂക്കില്ല, കായ്ക്കില്ല
വേരോടെ പിഴുതെറിഞ്ഞവൻ മനുഷ്യൻ
ഇനിയെന്ത് ജീവിതം എന്തിനീ ജീവിതം
അഗതിയായ് അടിമയായ് അഭയാർത്ഥിയായ്...
സൂര്യനും ചന്ദ്രനും മാറ്റമില്ല അവർ
തുടരുന്നു തായ്വഴിയിൽ ഉറച്ചമനസ്സോടെ
എങ്കിലീ മനുഷ്യനുമാത്രം എന്തിനീ മാറ്റം.....?
ഇരുളിലെ കനത്ത അന്ധത നാം നീക്കണം
ജീവനു തുടിപ്പും തുടർച്ചയും വേണം
കാൽക്കീഴിലെ മണ്ണിന് ഉറപ്പും ഒരുമയും വേണം



# What Might be the End?

In each morning the distance
between me and the end
of that bridge where turning shorter
It was always a wonder...!
what might be that end?

The so called roots of mine
said that,
The end is a new start,
the start that leads to an other end.
But still?
What might be that end?

Few of the same wonders
tossed it,
the end is where
we are really made
but still?
What might be that end?

The once with weapon
argued that,
The end is the field
the field for our battel
But still?
What might be that end ?

The one the creator
payed silence,
The end was only a part
the part was a question
But still?
What might be that end?

At last it was me
the one with answer
But still?
As Dylan said, my friend
the answer is blowin' in the wind





Arshad. P.P
*VI Bcom CA*



ഓടികിതച്ചു  വന്നു ഞാൻ...
പോകരുത് എന്ന പ്രാർത്ഥനയാലെ...
വഴിയിലാരോ പറയുന്നത് കേട്ടു
ഒൻപതിനുള്ള ബസ് വരാറായി
നോക്കി ഞാൻ ചുറ്റിലും വേഗത്തിൽ
കണ്ടു ഞാൻ ശകടം കാത്തിരിപ്പുകേന്ദ്രം
മിന്നൽ വേഗത്തിലാണ് അവൻ വന്നത്
തിക്കിലും തിരക്കിലും ഞാൻ അകന്ന് പോയി
കയറിക്കൂടി ഞാൻ ആ ശകടത്തിൽ
തിക്കിൽ ഒരു കൈ എന്റെ നേരെ
കയറിപിടിച്ചു ഞാൻ ആ പിടിവള്ളിയിൽ
ഒടുവിൽ അതിനുള്ളിൽ കയറിപറ്റി
മൊഴിയുന്നു കണ്ടക്ടർ ടിക്കറ്റ് എന്ന നാമം
പരതി എൻ കൈ പോക്കറ്റിലാകെ
കൊടുത്തു ഞാൻ രണ്ട് ഒറ്റ രൂപ
തൊഴിക്കുന്നു കണ്ടക്ടർ ശാപവാക്കാൽ
ഇറങ്ങി ഞാനാ ആ ശകടത്തിൽ നിന്നും
തെല്ലും പതറാത്ത മിഴികളാലെ...
നോക്കി ഞാൻ ആ ശകടത്തെ ഒരിക്കൽ കൂടി
ഇനിയും വരാമെന്ന യാത്രമൊഴിയാലെ....








Sandra S
*II BA English*

തിരിച്ചുവരുന്ന മനുഷ്യത്വത്തിനുവേണ്ടി
ഒരു കാത്തിരിപ്പ് ...!
നഷ്ടപ്പെട്ട മൂല്യങ്ങൾ തിരിച്ചുവരുമെന്ന
പ്രതീക്ഷ ...!
ആഗ്രഹങ്ങളും പ്രതീക്ഷകളും നടക്കാത്ത
കുറേ സ്വപ്നങ്ങളും ...!
ഒടുവിൽ അടിച്ചമർത്തപ്പെടുന്ന
ഒരുപാട് ഓർമകളും ...!
അതിനുമവസാനം മരണമെന്ന
മഹാസത്യവും ...!
അംഗീകരിക്കപ്പെടാത്ത 'വിധി'
എന്ന മിഥ്യാസത്യത്തെ ഒടുവിൽ
പഴിച്ചുകൊണ്ട്
സ്വയം ആശ്വസിപ്പിക്കുന്നു ...!
" എല്ലാം വിധിയാണ് "

# മിഥ്യയോ സത്യമോ?



Arya Lakshmi
*IV Sem BA English*



ദൈവം, ഈശോ, അള്ളാഹു ! ആരാണിവരൊക്കെ നമ്മളെ സൃഷ്ടിച്ചവരോ... അതോ നമ്മൾ സൃഷ്ടിച്ചവരോ ? ആർക്കും ഉത്തരം തരാൻ കഴിയാത്ത ചോദ്യങ്ങൾ. 'മതങ്ങളെ സൃഷ്ടിച്ചവർ ദൈവങ്ങൾ ' എന്നുവേണമെങ്കിൽ ദൈവങ്ങൾക്ക് നിർവചനം നൽകാം. വെറും വിഗ്രഹങ്ങളും ശിൽപങ്ങളും ഫോട്ടോകളും മാത്രമാണ് ഈശ്വരനെ പ്രതീകവൽക്കരിക്കുന്നത്. ഇതെല്ലാം ആരാണ് നിർമിച്ചത്. അപ്പോൾ അവർ ദൈവത്തെ നേരിട്ടു കണ്ടറിഞ്ഞവരും കേട്ടറിഞ്ഞവരുമാണോ.

ഹിന്ദുവും മുസൽമാനും ക്രിസ്ത്യാനിയുമെല്ലാം മനുഷ്യർ തന്നെ. ഒരു നെറ്റിയിലെ കുറികൊണ്ടോ തലയിലെ തൊപ്പികൊണ്ടോ കഴുത്തിലെ കുരിശുകൊണ്ടോ ഒന്നും അവർ മനുഷ്യരാവുന്നില്ല. ഈ അടയാളങ്ങൾ മാത്രമാണ് അവരെ വ്യത്യസ്ത മതങ്ങൾക്ക് കീഴിലും മതങ്ങൾ വ്യത്യസ്ത ദൈവങ്ങൾക്കു കീഴിലും തൂക്കി നിർത്തിയത്. ഓരോ മതങ്ങളും അവരുടെ ദൈവങ്ങളെ ഉയർത്തിപ്പിടിക്കാനും മികച്ചതാക്കാനും മാത്രമേ നോക്കുകയുള്ളൂ. ഈ വിഗ്രഹങ്ങൾക്കു വേണ്ടി ചാവാൻ പോലും മടിക്കാത്ത മതഭ്രാന്തന്മാരുടെ ലോകം. എന്നാൽ ഇവർക്കറിയുമോ എന്താണ് ദൈവം, എങ്ങനെയാണ് ദൈവമെന്ന്, ഈ പേരും പറഞ്ഞ് തെരുവിൽ പ്രകടനത്തിനിറങ്ങാൻ ഒരു മടിയും കാണിക്കാത്ത ലോകവും മനുഷ്യരും ഈശ്വരനിൽ വിശ്വസിക്കുന്നവർ എന്നും ഈശ്വരവിശ്വാസികളും ഇങ്ങനെ തള്ളിപ്പറയുന്നവരെ ലോകം എന്നും നിരീശ്വരവാദിയായും മുദ്രകുത്തും. മനുഷ്യരുള്ളിടത്തോളം കാലം നശിക്കാതെ നിലനിൽക്കുന്ന ഒന്നാണ് ദൈവവിഗ്രഹങ്ങളും അതിനെ ചുറ്റിപ്പറ്റിയുള്ള നിരവധി വിശ്വാസങ്ങളും. എന്നാൽ ഈശ്വരൻ മിഥ്യയോ സത്യമോ എന്ന് അറിയാത്തവരാണ് ഇതിൽ പകുതിയിലധികവും.

"ആരാധനാലയങ്ങൾക്ക് മുന്നിൽ ഭിക്ഷാടനം
നടത്തുന്നവർക്ക് കൊടുക്കാത്ത സൗഭാഗ്യം ആണിലൊരിക്കൽ അവിടെ പോകുന്ന നിങ്ങൾക്ക് ദൈവം തരുമോ ? എന്ന് ചോദിച്ചാൽ അവർ നമ്മളെ നിരീശ്വരവാദി എന്ന് വിളിക്കും. " കമൽഹാസൻ

ദൈവം അഥവാ ഈശ്വരൻ എന്നൊക്കെ നമ്മൾ പേരിട്ടു വിളിക്കുന്ന ആ ആത്മാവ് സത്യമാണ് എന്നുണ്ടെങ്കിൽ നമ്മുടെ നാട്ടിൽ ഭിക്ഷാടകരുടെയും ഒരു നേരത്തെ ആഹാരത്തിനുപോലും വകയില്ലാത്തവരുടെ നിഴൽ പോലും ഭൂമിയിലുണ്ടാകില്ല. ലോകത്ത് ദൈവം ഇല്ല എന്നതിനുള്ള തെളിവുകളും അതിനോടൊപ്പം ഉണ്ട് എന്നതിനുള്ള തെളിവുകളും ധാരാളം ലഭിച്ചിട്ടുണ്ട്. എല്ലാവരുടേയും രക്ഷകനാണ് ഈശ്വരൻ എന്നാണ് വിശ്വസിക്കുന്നത്. എന്നാൽ ഇങ്ങനെയുള്ള രക്ഷകനാണ് എങ്കിൽ എന്തുകൊണ്ട് നമ്മുടെ ലോകം ഇത്രയും പ്രശ്നങ്ങൾക്ക് സാക്ഷിയാകുന്നു. ദൈവത്തെക്കുറിച്ച് ഒരു ആശയം മാത്രമാണ് ഉള്ളതെങ്കിൽ അത് സത്യമാണെന്ന് എല്ലാവരും വിശ്വസിച്ചേനേ എന്നെനിക്ക് തോന്നുന്നു. എന്നാൽ, ലോകത്ത് എത്ര മതങ്ങളുണ്ടോ അത്രയും മതങ്ങൾ ദൈവത്തിന്റെ വ്യത്യസ്ത ഉത്ഭവങ്ങളും തത്വങ്ങളുമാണ് പ്രചരിപ്പിക്കുന്നത്. ഈ പല ആശയങ്ങളും ഗ്രഹിച്ചതുകൊണ്ടാവാം ശ്രീനാരായണ ഗുരു ലോക പ്രശസ്തമായ "ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്" എന്ന തത്വം കൊണ്ടുവന്നത്. അദ്ദേഹം എല്ലാ മതങ്ങളോടും എല്ലാ ജാതികളോടും ഒരുമിച്ചു നിൽക്കാൻ പറയുകയും വ്യത്യസ്ത വിഗ്രഹങ്ങളെയും രൂപങ്ങളെയും വിട്ട് ഒന്നിലേക്ക് ഒതുങ്ങാനുമാണ് പറഞ്ഞതെങ്കിൽ അന്നുണ്ടായിരുന്ന മതഭ്രാന്തന്മാർ ശ്രീനാരായണ ഗുരുവിനെ ഒരു ആൾദൈവമായി പ്രതിഷ്ഠിക്കുകയും പുതിയൊരു മതത്തിന് അഥവാ സംഘടനക്ക് രൂപം നൽകുകയാണ് ചെയ്തത്. ഇക്കാലത്ത് ദൈവരൂപങ്ങളെ മാത്രം സഹിച്ചാൽ പോരാ അതിലുപരി ഇന്ന് ആൾ ദൈവങ്ങളെകൊണ്ടാണ് എല്ലാ ബുദ്ധിമുട്ടുകളും എല്ലാം സൃഷ്ടിക്കുന്നത് നമ്മൾ മൂഢരായ മനുഷ്യർ എന്നു തന്നെ പറയാം. എന്തായാലും ദൈവത്തിനു പുറകെ നടക്കുന്നവർക്കൊക്കെ നല്ല സുഖമാണ്. എല്ലാം നമ്മൾക്കു തരേണ്ട ദൈവത്തിന് ഭണ്ഡാരപ്പെട്ടി, നേർച്ച എന്നൊക്കെ പറഞ്ഞ് അങ്ങോട്ടാണ് പണം നൽകുന്നത്. ദൈവത്തിനെന്തിനാ പണം എന്ന് ചിന്തിക്കാനുള്ള കഴിവ് ഈ വിഡ്ഢികൾക്കൊന്നുമില്ലേ എന്ന് ഞാൻ എപ്പോഴും ചിന്തിക്കുന്ന കാര്യമാണ്. അതുകൊണ്ടാണ് ഏറ്റവും വേഗത്തിൽ ധനികനായി മാറാനുള്ള ഏറ്റവും നല്ല ഉപാധി ദൈവസേവ തന്നെയാണ്.


വെറുതെയല്ല ആൾദൈവങ്ങളും പരിചാരകരും ഏറി വരുന്നത്. ദൈവങ്ങളും ആരാധനാലയങ്ങളും ഇല്ലെങ്കിലെന്താ ഈ ലോകം നിലനിൽക്കില്ലേ. ഇവയൊന്നും ഇല്ലെങ്കിലായിരിക്കും ലോകത്ത് ഏറ്റവും കൂടുതൽ സമാധാനവും സന്തോഷവും വാഴുന്നത്. ഇതുവരെയും ദൈവത്തിന് അർത്ഥമുണ്ടെന്ന് പറഞ്ഞതായി അറിവില്ല. അത് ആൾദൈവങ്ങൾക്കുപോലും ഇപ്പോഴും വേഷത്തിന്റെ അർത്ഥമെന്ത് ഇനിയും ഉത്തരം കിട്ടാത്ത നിരവധി ചോദ്യങ്ങളിലൊന്നാണ് ദൈവം മിഥ്യയോ അതോ സത്യമോ ? " മിഥ്യ."

# നിദ്ര

ജന്മനാ കൂടെയുള്ളവൾ, നിദ്ര !
ഞാൻ ഒരുപാട് സ്നേഹിക്കുന്ന, എന്നെ എല്ലാം
മറക്കാൻ
സഹായിക്കുന്നവൾ....
രാത്രിയുടെ നിശബ്ദതയിൽ മാലാഖമാരുടെ
ലോകത്തേക്ക്
എന്നെ കൊണ്ടുപോകാറുണ്ടവൾ....
കൗമാരത്തിൽ നാളെയുടെ പ്രതീക്ഷകളെ
ചിത്രങ്ങളായി എന്നിൽ നിറച്ചവൾ....
പോകെ പോകെ ഒരു അതിഥിയെപോലെ
ഒരാൾ ജീവിതത്തിലേക്ക് കടന്നുവന്നു, പേര് ' ചിന്ത !'
' ചിന്ത' യുടെ നേരത്ത് ' നിദ്ര' മറഞ്ഞിരുന്നു...
ചിന്ത എന്നിൽ ഒരുപാട് ചോദ്യങ്ങൾ കുത്തിനിറച്ചു
കൊണ്ടിരുന്നു,
അതെ, ഞാൻ അസ്വസ്ഥനാണ്....
പെട്ടെന്നാണ് എന്റെ മിഴികൾ താനേ തുറക്കപ്പെട്ടത്.
അപ്പോൾ അദൃശ്യമായ ഈ ലോകത്തെ
അവളെനിക്ക് ദൃശ്യമാക്കി....
പായുന്ന ജീവിതത്തിനിടയിൽ ഞെങ്ങിഞെരുങ്ങിയ
ഒരു വാക്കായ് മാറുന്നു സ്നേഹംഅപ്രസക്തമാകുന്നു.
തലയ്ക്കു ചുറ്റും വഞ്ചനയുടെയും പീഢനത്തിന്റെയും
കറുത്ത മേഘങ്ങൾ ഇരുണ്ടുകൂടുന്നു...
അതെ ഞാൻ അസ്വസ്ഥനാണ്....
എത്ര ശ്രമിച്ചിട്ടും തുറിക്കുന്ന കണ്ണുകളെ
ഞാൻ പണിപ്പെട്ട് വലിച്ചടച്ചു.
നിദ്രയെ തേടി.....
എന്നാൽ അവളകന്നുകൊണ്ടിരുന്നു..
എങ്കിലും അവളുച്ചരിക്കുന്നത് എനിക്ക്
കേൾക്കാമായിരുന്നു...
' ഉണരുക, ഞാനില്ലെങ്കിൽ നീയും ഇവരിലൊരാൾ
മാത്രമാണ്....!'




Shabeeb Latheef
IV Sem BA English



# ഏകാന്തത

ഏകാന്തതയുടെ മുറിവാതിൽ
തുറന്നു ഞാനൊരായിരം
സ്വപ്നങ്ങൾ നെയ്തുകൂട്ടി...
ചില്ലയൊടിഞ്ഞ വൃക്ഷത്തെപോലെ
ഞാനുമീ ഏകാന്തതയിൽ അലിഞ്ഞീടുന്നു...
ഒരുപാടൊരുപാട് കൂട്ടുണ്ടെങ്കിലും
ഒന്നിനുമൊന്നും വേണ്ട എന്നോ...
കൂടെ കളിക്കാനും കൂടെ ചിരിക്കാനും
ഒരു കൂട്ട് പോലുമില്ലല്ലോ...
അല്ലേലും കൂരിരുട്ടിൽ ഒരു
പുഷ്പമായി വിരിയാൻ കഴിഞ്ഞിരുന്നേൽ...
ചെറുവണ്ടുകൾ തന്നുടെ മധുവായി
മാറാൻ കഴിഞ്ഞിരുന്നേൽ...
മടുപ്പേകുമീ ഏകാന്തത എന്നെ
പുണരില്ലായിരുന്നു...
പക്ഷികൾ കൂടണയുമീ രാത്രിയിൽ
ശ്വാവിനെപോലെ ഞാനില്ലായിരുന്നു...
ഏകാന്തത എനിക്കിഷ്ടമില്ലേലുമീ
ഏകാന്തത എന്നെ തഴുകിടുന്നു....



Fathima Rinshiya. M
IV Sem BA English

Shigha. P
IV Sem BA English



# മണിമുഴക്കം ആ കുഞ്ഞുതേങ്ങൽ

വൃദ്ധനായ ആ മുക്കുവന്റെ കാതിൽ ഇപ്പോഴും ആ കുഞ്ഞുതേങ്ങൽ മുഴങ്ങിക്കൊണ്ടിരിക്കുകയായിരുന്നു. അത് ഒരു മണിമുഴക്കം പോലെ അയാളെ പിൻതുടർന്നുകൊണ്ടേയിരുന്നു. എന്നാലും എവിടെ നിന്നാണ് ഞാൻ ആ കുഞ്ഞിന്റെ കരച്ചിൽ ആദ്യമായി കേട്ടത് ? ആ കുഞ്ഞു കരച്ചിൽ വരുന്ന ദിശ കണ്ടെത്താൻ അയാളെകൊണ്ടു സാധിച്ചില്ല. കടലിലൂടെ സഞ്ചരിച്ചുകൊണ്ടിരിക്കെ പല സമയങ്ങളിലായി അയാൾ ആ കരച്ചിൽ കേട്ടിരുന്നു.

' ആ കരച്ചിൽ കേൾക്കുന്ന ദിശ കണ്ടെത്താൻ എന്നെകൊണ്ട് സാധിക്കുന്നില്ലല്ലോ... ദൈവമേ... ഇന്റെ കടലമ്മേ... എന്താ എനിക്ക് സംഭവിക്കുന്നേ... ' അയാൾ വേവലാതിപ്പെട്ടു. ദിവസവും ഉറങ്ങാൻ നേരത്ത് അയാൾ അത് ആലോചിച്ചു തന്നെ കിടക്കും. അതുകൊണ്ടു തന്നെ അയാൾ നേരെയൊന്നുറങ്ങിയിട്ട് കാലങ്ങളായി. കണ്ണൊന്നടച്ചാൽ ആ കുഞ്ഞു പൈതലിന്റെ ഇടറിയ കരച്ചിൽ തന്റെ കാതിൽ മുഴങ്ങുകയാണ്. ഒരു മണിമുഴക്കം പോലെ...ഉറക്കം വരാത്തതിനാൽ ഓല മേഞ്ഞ തന്റെ കുഞ്ഞുകൂരയിൽ നിന്നിറങ്ങി അയാൾ കരയിൽ തന്റെ ജീവനായ കുഞ്ഞു വഞ്ചിയിൽ പോയി ആകാശം നോക്കി കിടക്കും.



വെയില് കായാൻ കുഴിയിൽ നിന്നെത്തിനോക്കിയപ്പോ
ദെ ! അങ്ങ് മൂലയ്ക്ക് ഒരു കവല പ്രസംഗം തകർക്കുന്നു.
" അവൾ അമ്മയാണ്, പെങ്ങളാണ്, കാമുകിയാണ്....
അവൾക്ക് വേണ്ടി നമ്മൾ അണിനിരക്കണം...."
അയ്യ്... കോപ്പ്....
അപ്പോൾ ഓള് സ്ത്രീയല്ലേ....!





മേഘ ആർ. എം
*IV BSc Psychology*

# പോക്കുമരങ്ങൾ

'പോക്കു' മരങ്ങളേ,
നിങ്ങൾക്കു ജാഗ്രത !
നാവിന്റെ മഴുവിന്
മൂർച്ച കൂടിവരികയാണ്...
നീ പോയ 'പോക്കു'വഴികൾക്ക്
കൊടും വിലക്ക് !
നീ തുപ്പിയ 'പോക്കു'പാട്ടിന്
വെറുപ്പിന്റെ താക്കീത് !
നീ ചൊല്ലിയ നാലുവരികളിൽ
സീതയായാലും,
ഈശോയായാലും,
നബിയായാലും
'പോക്കേ' നീ പടിക്ക് പുറത്ത് !
ഒട്ടിയിരിക്കുന്ന ഇത്തിൾക്കണ്ണികളേ
നിങ്ങൾക്കും
'നന്മ'മരത്തിന്റെ താക്കീത്
നട്ടെല്ലു നീട്ടി 'നന്മ'മരമേ
ഓർക്കുക,
നിന്റെ വേരും ചേറിലാണ്
പൊക്കിയ മഴക്കൈക വിറക്കും,
നിന്റെ ശിരസും പതിയ്ക്കും
'പോക്കേ', പതറാതെ തുടരുക
കോടതി
നീ തളിർക്കണം, പൂക്കണം

അന്നും മഴുക്കൈ
പൊങ്ങും,
വെട്ടിമാറ്റട്ടെ...
വീണ്ടും തളിർക്കണം
നിലയ്ക്കാത്ത 'പോക്കു'
പാട്ടുമായ്
മഴുക്കൈ വിറക്കട്ടെ
'നന്മ'മരങ്ങൾ വീഴട്ടെ
ഇനിയും ഒരുപാട്
പോക്കുമരങ്ങൾ
ജനിക്കട്ടെ




മണി മൂന്നടിച്ചു...

പതിവുപോലെ കണ്ണീരൊഴുകാതെ വിടവാങ്ങലുമായ് അങ്ങേര് മഞ്ഞു കൊണ്ടേയിരിക്കുന്നു. ഓനും ഞാനും മുറ്റത്ത് " ടീച്ചറും കുട്ടീം" കളിക്ക്യാർന്ന്. ഓന് ടീച്ചർ, ഞാൻ കുട്ടി. ഒരു ഈർക്കിലിയെടുത്ത് ചുമരിൽ അടിച്ച് ഒച്ചയുണ്ടാക്കി പറഞ്ഞു.

# കേൾ ക്കണി ല്ലേ ...?

കുട്ട്യേ പാഠം ഒന്ന് പഠിക്കാം" അറിഞ്ഞോണ്ട് ഒരിക്കലും തെറ്റ് ചെയ്യതരുത്. മോശമാണ്, മാഷങ്ങനെ പഠിപ്പിച്ചോണ്ടിരിക്കുമ്പോ അങ്ങുനിന്ന് ഒരു പൊതി ഇങ്ങനെയുരുണ്ടു വരണതും നോക്കി ഞാൻ എണീക്കുമ്പോഴേക്കും ന്റെ മാഷ് ഒരു പാച്ചിലായിരുന്നു. " അള്ളാ.." എന്ന് അലറിയോണ്ട്

ഒരു ആറടി പൊക്കവും തരക്കേടില്ലാത്ത തടിയും ഇരുണ്ട നിറോം ഉള്ള അങ്ങേര് ഓന്ക്കൊരു കടലമിഠായീം തോക്കും കൊടുത്തു. ഇക്ക് ഒരു കോലുമിഠായീം നീട്ടിതന്നു. ചെക്കൻ പിന്നെ " ടിഷ്യൂം ടിഷ്യൂം" എന്നൊക്കെ പറഞ്ഞ് ചങ്ങായിമാരുടെ മുമ്പിൽ ഗമയിടാൻ പോയി. ഞാനാ കോലുമിഠായി വായിലിട്ടു ശാപിടല് തുടങ്ങി.



" അവരെത്തീല്ലേ..."

" മ് മ്... മ് മ് "ഇല്ലാന്നൊരു മൂളക്കത്തോടെ അണ്ണൻ മുന്നി ലൂടെ കൈയും വീശി തുള്ളിതുള്ളി വീട്ടിൽ കേറി. " അ തിഥികളെ സൽക്കരിക്കണം" എന്ന് എന്നോ പഠിച്ചത് മ നസ്സിൽ ഇങ്ങനെ മുഴങ്ങി. ഓടിപ്പോയൊരു ഗ്ലാസ് വെ ള്ളോം ഇന്നലെ അച്ഛൻ പൂരത്തിന് പോയി കണ്ടുവന്ന മു റുക്കും കൊടുത്ത്, ആ പാഠം പഠിച്ചു.

പിന്നെ അണ്ണൻ മടിയിലിരുത്തി വിശേഷമൊ ക്കെ പറഞ്ഞ് കൊഞ്ചിച്ചു. കുറെയെന്തൊക്കെയോ പറ യിണ്ടാർന്ന്. ആര് കേക്കാൻ. കിട്ടിയ മിഠായി തിന്ന്വോ അതോ വിശേഷം കേക്ക്വോ...

ഞാനങ്ങനെ അതും വായിലിട്ട് ചപ്പണ ചെയ്യുണ്ടാക്കി കൊണ്ടേയിരുന്നു. വട്ടമിഠായീടെ വട്ടം കുറഞ്ഞു കുറ ഞ്ഞു പോകുമ്പോഴാണ് അണ്ണൻ പറേണത് ശ്രദ്ധിക്കാൻ തുടങ്ങീത്. ഏതോ സിനിമ കണ്ട കഥയൊക്കെ പറ ഞ്ഞു. ഇടയ്ക്കൊരുമ്മയും തന്ന്. മിഠായിയിൽ അതങ്ങ് കുതിർന്ന് പോയി. കെട്ടിപിടിക്കൽ മുറുകി തുടങ്ങീർ ന്നു. ഞാൻ മുരളാൻ തുടങ്ങി. കുട്ടിപാവാടയിട്ട എന്റെ പാവാട മെല്ലെ പൊങ്ങാൻ തുടങ്ങി. തുടയിൽ ഒരെററത്ത് അണ്ണന്റെ മിനുസമില്ലാത്ത കൈ ഉരസികൊണ്ടേയിരു ന്നു. കൈയ്യിനു പുറമേ എന്തോ അടിയിൽ തടസപ്പെടു ത്തികൊണ്ടിരുന്നു. മെല്ലൊരു കൈ മാറിലും വയറി ലും അമരുന്നുണ്ടായിരുന്നു. ഒരു അസ്വസ്ഥതയോടെ ഒ ന്നും മനസിലാവാതെ മിഠായി നുണഞ്ഞുകൊണ്ടിരുന്നു. തുടയും കടന്നത് അകത്തേക്ക് കേറീതും മിഠായി തീർ ന്ന് കോല് മാത്രമായതും ഒരുമിച്ചായിരുന്നു. ഇപ്പോ ഒരു വേദന. ഒന്ന് പിടച്ചു. ഊരി പോകാൻ വിചാരിച്ചപ്പോ ഴേക്കും കത്തി കുത്തിയിറക്കുന്ന പോലെ വേദന തോന്നി. ഞാൻ ചൂടോടെ ഒഴിച്ച് കളയുന്ന " " എന്തോ കുത്തികയറണ പോലെ " " എന്നാ അയ് നെ വിളിക്ക്വാന്ന് അമ്മ പറഞ്ഞത്

അതിന്റെ വേഗം കൂടി. ഒപ്പം വേദനയും, ചെയ്തിട്ടതും, പെട്ടെന്നൊരു കൊടുങ്കാറ്റ് രമിച്ച പോലെയായിരുന്നു. നീ റ്റലിന്റെ ഗാഢതയാൽ തൊണ്ട അലറികൊണ്ടേയിരുന്നു. പൊടുന്നനെയാണ് ഒരു മധുരമില്ലാത്ത കോലുമിഠായി മാമൻ വായിലിട്ട് തന്നത്. ഇഷ്ടമില്ലാഞ്ഞിട്ട് തട്ടിമാറ്റ ണമെന്നുണ്ടായിരുന്നു. എന്നാൽ " മുതിർന്നവരെ അനു സരിക്കണം" അവരെ ഒരിക്കലും ധിക്കരിക്കരുത് " എ ന്ന അച്ഛൻ പഠിപ്പിച്ച പാഠവും പഠിച്ചു. നിമിഷങ്ങളോളം അത് നീണ്ടു. വീണ്ടും കൊടുങ്കാറ്റിന്റെ ശക്തി കൂടി... എന്റെ ഇരു ചുണ്ടിലും കടിച്ചമർത്തിയതിനാൽ ഒച്ചയും പുറത്തുവന്നില്ല. നാക്കിൽ ചോരയുടെ സ്വാദ് അപ്പോ ഴെല്ലാം അനുഭവപ്പെട്ടിരുന്നു. ദേഹമാസകലം ആകെ ഒ രു വേദന. ശ്വാസം മുട്ടുന്നതുപോലെ...

അണ്ണൻ സ്നേഹിച്ചുകൊണ്ടേയിരുന്നു. എ ന്തിനോ എന്റെ കൈകാലുകൾ കൂട്ടികെട്ടി. ഒരു ചാക്കി ലാക്കി. ഞാൻ ...............യായിരുന്നു. അൽപം കഴി ഞ്ഞ് ചാക്കൂരിയപ്പോൾ കണ്ടത് ചുറ്റും മരങ്ങളും വരണ്ടു ണങ്ങിയ കാടുമാണ്. വായിലെ തുണിയും കെട്ടിയ തുമൊക്കെ അഴിച്ച് കളഞ്ഞു. ചാക്കിൽ തന്നെ പ തുക്കെ കിടത്തിയിട്ട് ചോദിച്ചു. " എന്നോട് ദേഷ്യ മുണ്ടോ...? അണ്ണനെ ഇഷ്ടാണോ?" എന്ന്. ചുണ്ടിലെ നീറ്റല് കാരണം ഒന്നും മിണ്ടാൻ കഴിഞ്ഞില്ല. വീണ്ടും ചോദ്യം ആവർത്തിച്ചു. " ശത്രുക്കളെപോലും സ്നേഹി ക്കണം, ആരേയും വെറുക്കരുത്" എന്ന ഉടയതമ്പുരാ ൻ പറഞ്ഞ വാക്കും ഞാൻ ഓർമിച്ചു. ഇഷ്ടമാണെന്ന് ക ണക്കെ ഞാൻ മൂളി. വീണ്ടും അണ്ണന്റെ സ്നേഹം കൊടുങ്കാറ്റിനേക്കാൾ ശക്തികണക്കെ ആഞ്ഞടിച്ചു. എറെകുറെ തളർന്നപോലെയായി ഞാൻ. ചുറ്റുമുള്ള കാ ഴ്ചകൾ മങ്ങിതുടങ്ങിയിരുന്നു. കഴുത്തിൽ എന്തോ വ രിയണതും, ഒരു മരത്തിൽ കേറി കയർ കൊരുക്കണ തും അനുഭവപ്പെട്ടു. കഴുത്തിലെ കെട്ട് മുറുകി. കഴു ത്ത് ഊരിയെടുക്കാൻ നന്നേ പാടുപെട്ടു, പിടഞ്ഞു, കാലിട്ടടിച്ചു. കാണാൻ ഒട്ടും പറ്റാതെയായി. ശ്വാസം വ ലിക്കാൻ പറ്റാതെയായി. അങ്ങനെപ്പോഴോ ഞാനാ ശരീ രത്തിൽ നിന്ന് പിരിഞ്ഞുപോന്നു. നല്ല വേദനയായിരു ന്നു. ഇപ്പോൾ സുഖം.

പക്ഷെ പല ചോദ്യങ്ങളും എന്നെ അലട്ടിക്കൊണ്ടിരു ന്നു. എന്തിനാ അണ്ണൻ എന്നെ വേദനിപ്പിച്ചേ, വേദനിപ്പി ക്കണത് തെറ്റ് ചെയ്തിട്ടല്ലേ. ഞാനെന്തെങ്കിലും... ? അ മ്മ പറഞ്ഞുതന്ന പോലെയല്ലെ പറഞ്ഞേ...? അച്ഛൻ പഠി പ്പിച്ചപോലെ ബഹുമാനിച്ചില്ലേ...? ദൈവം പറഞ്ഞപോ ലെ സ്നേഹിച്ചില്ലേ ...? നിങ്ങളൊക്കെ പറയണപോലെ മുതിർന്നവരെ അനുസരിച്ചിരുന്നില്ലേ...? ധിക്കരിച്ചിട്ടി ല്ലല്ലോ...? ഉണ്ടോ ...? അറിയില്ല. ന്റെ കുട്ടി മാഷ് പറ ഞ്ഞപോലെ അറിഞ്ഞോണ്ട് തെറ്റു ചെയ്തോ ...? ഇ ല്ലല്ലോ...? അറിയില്ല

ഇനീപ്പോ കറുത്തോരായോണ്ട് ഇതൊക്കെ പഠിച്ച താണോ തെറ്റ് ...? ഇക്കൊന്നും മനസിലാവിണില്ല ..... ഒ ന്ന് പറഞ്ഞര്വോ ...? കേക്കിണില്ലേ ...? ഓ... ഞാൻ കുട്ട്യാ ണല്ലോ, ല്ലേ.... മിണ്ടാൻ പാടില്ലല്ലോ....?

Gabriel George
*VI Bsc Maths*



Sai Madhuri
II Bsc Psychology



# എന്നിലെ കവിത

വേനലിൽ വാടിയ മുല്ലയിന്ന്
വീണ്ടും വല്ലാതെ വിരിഞ്ഞിരിക്കുന്നു.
എന്നിലെ അനശ്വരമെന്നു ഞാൻ
കരുതിയ
ആ കവിതയും ഇന്ന് വാടിയിരിക്കുന്നു.
മഴ പെയ്തുതോർന്ന ഈ സന്ധ്യകളിൽ
കവിതയെന്നെ സ്പർശിച്ചില്ല
മഞ്ഞു പെയ്തു മൂടുന്ന
ധനുമാസക്കുളിരിൽ
കവിതയെന്നിൽ ചൂടു പകർന്നില്ല
കത്തിജ്വലിക്കും സൂര്യതാപത്തിൽ
കവിതയെന്നിലെ ദാഹമകറ്റിയില്ല
എങ്കിലും.... ഞാനിന്നും കൊതിക്കുന്നു

എന്നാത്മാവിൻ അക്ഷരത്തുള്ളിയെ
ശേലക്കാറ്റിൽക്കാൽ കുടത്തിടാൻ
ആ മുത്തുകളിൽ നിന്നും. പൊ
ഴ്പോയ
എന്നിലെ കവിതയെ വീണ്ടെടുക്കാൻ,
ആ കവിതതൻ വൃത്തത്തിൽ
അക്ഷരങ്ങൾ കൊണ്ടു പൊരുതാൻ
ഇന്നും ചോർന്നുപോകക്കാവുന്ന
എന്നിലെ പെണ്ണാം
കവിതയ്ക്കുവേണ്ടി....



Drishya
*I Year BA English*

# പെൺകുട്ടികൾക്ക് സുരക്ഷിതം – അമ്മയുടെ 'ഗർഭപാത്രം'


രാവിലെ പത്രം വായിച്ചതിനുശേഷം എന്റെ അമ്മയുടെ വാക്കുകളാണ്. "ഇന്ന് പെൺകുട്ടികൾക്ക് സുരക്ഷിതമായ ഇടം അത് അമ്മയുടെ ഗർഭപാത്രമാണ്." അത് പറഞ്ഞതിന് ശേഷം എന്റെ അമ്മയുടെ കണ്ണുകളിലെ ഭയം എനിക്ക് കാണാമായിരുന്നു. ഇന്ന് നമ്മുടെ സമൂഹത്തിൽ പെൺകുട്ടികൾക്ക് നേരെയുള്ള ഹീനമായ പ്രവർത്തികളാണ് എന്റെ അമ്മയുടെ കണ്ണുകളിൽ എനിക്ക് കാണാൻ സാധിച്ചത്. അങ്ങനെയാണെങ്കിൽ ഇന്ന് സമൂഹത്തിൽ പിച്ചിച്ചീന്തിയെറിയപ്പെട്ട പെൺകുട്ടികളുടെ അമ്മമാരുടെ അവസ്ഥ എന്തായിരിക്കും ? കണ്ണിൽ എണ്ണയൊഴിച്ച് ഒരുപാട് കാലം കാത്തിരുന്നുണ്ടായ പെൺമക്കൾ സമൂഹത്തിലെ ചെന്നായ്ക്കൾ കടിച്ചുകീറിയതാൽ എങ്ങനെയാണ് ഓരോ അമ്മയും സഹിക്കുന്നത് ? സമൂഹവും കാലവും ഒരുപാട് മാറിയിരിക്കുന്നു എന്നത് വെറും കള്ളമാണ്. മാറ്റമുണ്ടായിരിക്കാം, പക്ഷെ പുരുഷന്റെ കണ്ണുകൾ സ്ത്രീകൾക്ക് നേരെയുള്ള വൃത്തികെട്ട "നോട്ട"ത്തിനുമാത്രം ഒരു മാറ്റവും വന്നിട്ടില്ല. എത്ര പെൺകുട്ടികളാണ് ഓരോ ദിവസവും പുരുഷന്റെ ക്രൂരമായ മൃഗത്തിന് അടിമയാകുന്നത്. പിഞ്ചു കുരുന്നുകൾ ഉൾപ്പെടെ കട്ടിലിൽ തളർന്നുകിടക്കുന്ന മുത്തശ്ശിമാർ വരെ ഇന്ന് സമൂഹത്തിൽ പീഡിപ്പിക്കപ്പെടുന്നു. പീഡിപ്പിക്കപ്പെട്ട ഒരു പെൺകുട്ടിക്കും ഇന്നും ഒരു നീതിയും കിട്ടിയിട്ടില്ല. അവർ അനുഭവിച്ച വേദനകൾക്കും, യാതനകൾക്കും, മുറിവുകൾക്കും




സഹിക്കാൻ കഴിയാതെ ജീവനുവേണ്ടി പിടയുമ്പോഴും ആരും അവരുടെ ആ വേദനകൾ കണ്ടില്ല. പൊഴിച്ച കണ്ണുനീരിന് ആരും വില കൽപ്പിക്കുന്നില്ല. തന്റെ പെൺകുട്ടികളെ വെറും ലൈംഗിക വസ്തുവായി കരുതുന്ന സമൂഹത്തിനു നേരെ കാർക്കിച്ച് തുപ്പാനാണ് ഓരോ അമ്മയ്ക്കും തോന്നുന്നത്. കാരണം നൊന്ത് പ്രസവിച്ച വയറിനേ അതിന്റെ വേദന അറിയൂ. വിദ്യാലയത്തിലും കലാലയത്തിലും നാം ഓരോരുത്തരും ഭാരതത്തിന്റെ പ്രതിജ്ഞ ഉരുവിടുമ്പോൾ അതിൽ ഒരു വാചകമുണ്ട്. ' എല്ലാ ഭാരതീയനും എന്റെ സഹോദരീ സഹോദരന്മാരാകുന്നു' ആ വാചകം ഇന്ന് സമൂഹം പാടേ മറന്നിരിക്കുന്നു. അതിന്റെ തെളിവാണ് പത്രം തുറന്നാൽ ബലാത്സംഗം, പീഢനം എന്നിവ മാത്രമാണ് കാണാൻ കഴിയുന്നത്. ഇത്രമാത്രം അധഃപതിച്ചുവോ നമ്മുടെ സമൂഹം ? നാലു ചുവരിനുള്ളിൽ ഇനിയും എത്ര പെൺകുട്ടികളുടെ ദീനമായ രോദനം കേൾക്കാൻ ഇടവരും ഇന്ന് നമ്മുടെ സമൂഹത്തിന് ? അത് വലിയൊരു ചോദ്യചിഹ്നമായി നമ്മുടെ ഓരോരുത്തരുടെയും മുന്നിൽ ഉയർന്നു നിൽക്കുന്നു. ഉത്തരമില്ലാതെ. ആരെയും വിശ്വസിക്കാൻ കഴിയാത്ത ഒരു കാലമാണ് നമ്മുക്ക് മുന്നിൽ അരങ്ങുതകർക്കുന്നത്. കൊല്ലത്ത് 17 കാരിയെ ബന്ധുവായ സ്ത്രീ പലർക്കും കൈമാറി പീഢിപ്പിച്ച വാർത്ത നാം എല്ലാവരും അറിഞ്ഞതല്ലോ. എത്ര നാണംകെട്ട വാർത്തയാണ് ഇത്. ഇതിന് ഒരു പരിഹാരമില്ലേ ? സ്ത്രീത്വത്തെ പിച്ചിച്ചീന്തുമ്പോൾ, നിർത്താതെ കൊലവിളി ഉയരുമ്പോൾ എന്താണ് പ്രതികരിക്കാൻ ആരുടെയും നാവുകൾ ചലിക്കാത്തത് ? ഓരോ അമ്മയും ചോദിക്കുന്നു തന്റെ പെൺമക്കളെ ഇനിയെന്തു ചെയ്യണം " വിളിച്ചുവരുത്തി തങ്ങളുടെ ഗർഭപാത്രത്തിൽ ഒളിപ്പിക്കേണ്ട അവസ്ഥ വന്നിരിക്കുന്നു. ഉറക്കമൊഴിച്ച് തന്റെ മക്കളെ സംരക്ഷിക്കുകയാണ് ഓരോ അച്ഛനും " അവർക്കും അറിയില്ല എത്രനാൾ ഇങ്ങനെ സംരക്ഷിക്കാനാകുമെന്ന്. കാരണം ഇരുട്ടിൽ തന്റെ മക്കളെ കൊത്തി തിന്നുവാൻ ' കഴുകന്മാർ' കാത്തിരിക്കുന്നുണ്ട്. കൊത്തി കഴിഞ്ഞാൽ ഒരു പെൺകുട്ടിക്കും നമ്മുടെ ഭാരതത്തിൽ നീതി കിട്ടുന്നില്ല. ഓടുന്ന ബസ്സിൽ നാലംഗ സംഘം പെൺക്കുട്ടിയെ ബലാത്സംഗം ചെയ്ത് കൊന്ന് തെരുവിലേക്ക് വലിച്ചെറിഞ്ഞ കഥ നമ്മൾ അറിഞ്ഞതാണ്. അവളെ നമ്മൾ 'നിർഭയ' യെന്നു വിളിച്ചു. അവൾക്ക് ഇന്നും നീതി കിട്ടിയിട്ടില്ല. ആ നീതിക്കുവേണ്ടി അവളുടെ അമ്മ ഇന്നും കോടതിയിൽ കയറിയിറങ്ങുന്നു. പത്രത്തിലെ എല്ലാം വായിച്ചതിനുശേഷം എന്റെ അമ്മ എന്നെ ചേർത്തുപിടിച്ചു പറഞ്ഞു " മോളെ സൂക്ഷിക്കണം, അമ്മേടെ കുട്ടി സ്വയം സൂക്ഷിക്കണം, കാരണം കാലം മോശമാണ്.." ഈ വാക്കുകൾ ഓരോ അമ്മയ്ക്കും തന്റെ പെൺമക്കളോട് പറയാനുള്ളവയാണ്. എന്റെ പ്രിയ കൂട്ടുക്കാരി കളോട് എനിയ്ക്കു പറയാനുള്ളത് ! "സൂക്ഷിക്കണം, നമ്മളെ കാത്ത് ഇരുട്ടിൽ ചെന്നായക്കൂട്ടങ്ങൾ ഒളിച്ചിരിപ്പുണ്ട്, കരുതണം, പേടിക്കണം അവരെ" പ്രതികരിക്കണം. നാം എല്ലാവരും നമ്മുടെ സഹോദരികൾക്കായി, നമ്മുടെ നാടിനായി.


# ഇര

എന്തിനു പിറന്നു നീ സ്ത്രീയായ്
രാക്ഷസ ചിലന്തികൾക്കിരയായ് തീരുവാനോ
എന്തെ നിൻ കണ്ണീരവർ കാണാതെപ്പോയി
നിൻ പ്രാണൻ ഉടൽവിട്ടുപോകും വരെ
നിൻ പ്രാണൻ തൻ പിടച്ചിലെന്നവരറിഞ്ഞില്ല
നിൻ ഹൃദയത്തുടിപ്പിലും വേദനയും
എന്തിനു കീറിമുറിച്ചവർ നിന്നെ
കഴുകൻ ജഡം കൊത്തിത്തിന്നുന്നപ്പോൾ
സ്വപ്നങ്ങളാൽ നീ പടുത്തുയർത്തിയ കൊട്ടാരം
ഇടിഞ്ഞുവീഴുന്നതെന്തേ അവരറിഞ്ഞില്ല
തുടരുന്നവർതൻ കണ്ണുകൾ ഇരകൾക്കായ്
ഇന്നു നീ നാളെ മറ്റൊരുവൾ





Aswathi Mohan
*II BSc Physics*



# തീ തുപ്പിയ ആത്മാവ്

ഒരടക്കിപ്പിടിച്ച തേങ്ങലിന്റെ മുഴക്കം കേട്ട് അയാൾ കണ്ണ് തുറന്നു. പെട്ടെന്ന് തന്നെ ടേബിൾ ലൈറ്റിന്റെ വെളിച്ചത്തിൽ അയാൾ ചുറ്റിലും നോക്കി. അടുത്തു കിടക്കുന്ന മകളെയും ഭാര്യയേയും അയാൾ സൂക്ഷിച്ചുനോക്കി. അവരെല്ലാം നല്ല ഉറക്കത്തിലാണ്. തന്റെ തോന്നലാവും അയാൾ വീണ്ടും ഉറക്കം തൂങ്ങിയ കണ്ണുകൾക്കു മേൽ പുതപ്പു വലിച്ചിട്ടു. പക്ഷെ, വീണ്ടും നിസ്സഹായതയും വേദനയും നിറഞ്ഞ ഒരു തേങ്ങലിന്റെ ധ്വനി അയാളുടെ കാതുകളിൽ അലയടിച്ചു.

ഉറക്കം കിട്ടാതെ അയാൾ ഹാളിലേക്ക് നടന്നു. എന്താണിത് ! തന്റെ തോന്നലാണോ ? സത്യമാണോ ? ചിന്തയിലാണ്ടു അയാൾ സോഫയിലേക്ക് ചാഞ്ഞു. തന്റെ ഭാര്യയോട് പറഞ്ഞാലോ ? വേണ്ട ! ഐപിഎസ് പണി വീടിനു പുറത്തുമതിയെന്നാണ് അവളുടെ കൽപന.

രണ്ട്, മൂന്ന് ദിവസമായി വിടാതെ അയാളുടെ പിന്നാലെ തന്നെയുണ്ട് ഈ തേങ്ങലിന്റെ ഇരമ്പൽ. നിസ്സഹായനായി അയാൾ സിഗരറ്റ് കൊളുത്തി. ഉത്തരം കിട്ടാത്ത നിമിഷങ്ങളിൽ അയാൾ കൂടുതലായി പുക വലിക്കാറുണ്ട്. അപ്പോൾ ആ പുകച്ചുരുളുകൾക്ക് ഉള്ളിൽ അയാളൊരു രൂപം കണ്ടു, ആദ്യം ഒന്നമ്പരന്നു. പിന്നെ പേടിച്ചു അയാൾ തന്നെമാറി.. പക്ഷേ ആ രൂപം അയാളെ പിൻതുടർന്നു. ബാൽക്കണിയിലേക്ക് പാഞ്ഞടുത്ത അയാൾ ഒന്ന് ഒച്ചവെക്കാൻ ശ്രമിച്ചു. പക്ഷെ വാക്കുകൾ അടഞ്ഞുപോയിരുന്നു. എന്താണിത് ? എന്തൊരസംബന്ധം ! തനിക്ക് തോന്നിയതാവും. ഒരിക്കലും ഒരു രൂപമോ ആത്മാവോ ഒന്നും ഇവിടെയുണ്ടാവില്ലെന്നയാൾ ഉറപ്പിച്ചു. പക്ഷേ അപ്പോൾ അയാൾക്കുപിന്നിൽ നിന്ന് ആ രൂപം അയാളോട് സംസാരിച്ചു. വേദനയിൽ നിഴലിച്ച ഒരു പെൺക്കുട്ടിയുടെ ശബ്ദമായിരുന്നു അത്. അയാൾ തിരിഞ്ഞുനോക്കിയപ്പോൾ അത് വെറുമൊരു പുകച്ചുരുകളുകൾ ആയിരുന്നില്ല. ജീവസുറ്റ ഒരു പെൺക്കുട്ടിയുടെ രൂപമായിരുന്നു അത്. ആ മുഖം എവിടെയോ...? അയാളുടെ തലച്ചോറിലൂടെ നിരവധി പത്ര റിപ്പോർട്ടുകൾ മാറിമറിഞ്ഞു. 'അതെ ! ഇതവൾതന്നെ നാല് യുവാക്കൾ ക്രൂരമായി പീഡിപ്പിച്ചുകൊന്ന ഒരു പാവം പെണ്ണ്'

കണ്ണുനീർ ചാലിട്ടൊഴുകിയ കവിളുകളിൽ കൈകൾ അമർത്തി അവൾ പറഞ്ഞു. " സാർ എന്നെ അവർ.... ഞാൻ എന്താ ചെയ്തെ... എന്റെ അച്ഛൻ..." അവൾക്ക് വാക്കുകളെ മുഴുമിപ്പിക്കാൻ കഴിഞ്ഞില്ല. അവൾ പറഞ്ഞു തുടങ്ങി. 'ഒരുപാട് സ്വപ്നങ്ങളുണ്ടായിരുന്നു എനിക്ക്. ഒത്തിരി കഷ്ടപ്പെട്ടാണ് എന്റെ അച്ഛൻ എന്നെ ഇതുവരെ പഠിപ്പിച്ചത്.



ആദ്യമായി സമ്പാദിക്കുന്ന പണം അച്ഛനു മുന്നിൽ നിവർത്തി അച്ഛനെയൊന്ന് പുണരണമെന്നുണ്ടായിരുന്നു എനിക്ക്. എന്റെ എല്ലാ സ്വപ്നങ്ങളും.....' മുറിഞ്ഞ വാക്കുകൾക്കിടയിൽ ആ ചുണ്ടുകൾ വിതുമ്പിപ്പോയി.

പോലീസ്ക്കാരൻ നിവർന്നു നിന്നു. ഇടറിയ സ്വരത്തോടെ അവളോട് ചോദിച്ചു. 'മോളേ എന്താ ഉണ്ടായത് അന്ന്...' ' അന്ന് രാത്രി ഞാൻ സ്കൂട്ടർ എടുത്ത് വീട്ടിലേക്ക് പോവായിരുന്നു. വണ്ടി വഴിയിൽ പഞ്ചറായി. നല്ല രാത്രിയായിരുന്നു. അന്ന് അവർ എന്നെ സഹായിക്കാനെത്തി. ആദ്യം ഞാനൊന്ന് പകച്ചു. പക്ഷേ സ്നേഹത്തോടെ പെങ്ങളെ എന്നു താഴ്ത്തി വിളിച്ചപ്പോൾ ഞാൻ വിശ്വസിച്ചു. പോയി സാർ, അന്നു രാത്രിയിൽ നാല് പേർ ചേർന്ന് എന്നെ പിച്ചിച്ചീന്തിയപ്പോഴും അവരുടെ കണ്ണുകളിലെ അടങ്ങാത്ത കാമത്തിന്റെ ജ്വാലകൾ ഞാൻ കണ്ടു. അവസാനം എന്നെ ജീവനോടെ ചുട്ടെരിച്ചപ്പോഴും, ഒരിറ്റു ശ്വാസത്തിനുവേണ്ടി ഞാൻ പിടഞ്ഞപ്പോഴും അവർ പരസ്പരം നോക്കി ചിരിക്കയായിരുന്നു.

പോലീസുക്കാരന്റെ കണ്ണുകൾ നിറഞ്ഞു നെറ്റിക്കുമുകളിലെ വിയർപ്പുതുള്ളികൾ അയാൾ തുടച്ചുനീക്കി. അയാൾ പറഞ്ഞു. `മോളെ അവർക്ക് കോടതി അർഹിക്കുന്ന ശിക്ഷ നൽകും അതിനായിട്ടാണ് ഈ ലോകം കാത്തിരിക്കുന്നത്.'
'വേണ്ട ' അവൾ ശബ്ദിച്ചു. ആ സ്വരത്തിന് കനത്ത പകയുടെ മൂർച്ചയുണ്ടായിരുന്നു. ' സാർ, കോടതി അവർക്ക് എന്ത് ശിക്ഷയാണ് നൽകുക. നഷ്ടപ്പെട്ടുപോയ എന്റെ ജീവിതത്തിന്റെ വിലയെ അവർക്ക് മനസ്സിലാവുമോ ? എന്നോടു ചെയ്തതുപോലെ അവർ വീണ്ടും വേറൊരു പെൺക്കുട്ടിയോട് ചെയ്യില്ല എന്ന് എന്ത് ഉറപ്പാണു ഉള്ളത് സാർ. അവർക്ക് നഷ്ടപ്പെടലിന്റെ വേദന മനസ്സിലാക്കികൊടുക്കണം. 'അവൾ പറഞ്ഞു നിർത്തി.

അയാൾ ആകെ വിയർത്തു. കണ്ണുകളടച്ചു ചിന്തയിലാണ്ടു പിന്നെ കണ്ണ് തുറന്നപ്പോൾ അവിടെ ആ രൂപം ഉണ്ടായിരുന്നില്ല. അസ്വസ്ഥനായി അയാൾ ഹാളിലൂടെ അങ്ങോട്ടുമിങ്ങോട്ടും നടന്നു.....


തനിക്കു കിട്ടിയ അംഗീകാരങ്ങൾക്കും പദവികൾക്കും മുകളിൽ ഒരു വലിയ ഭാരം വന്നു വീണ പോലെ അയാൾക്ക് തോന്നി. ആ രൂപത്തെ അയാൾ വീണ്ടും ഓർത്തു. അപ്പോൾ അയാൾക്കത് തന്റെ മകളുടെ മുഖവുമായി സാമ്യം തോന്നി. ഉറക്കം കിട്ടാതെ ആ രാത്രി അയാൾ തള്ളിനീക്കി.

പിറ്റേന്നു കോടതയിൽ പ്രതികളെ അയാൾ കസ്റ്റഡിയിൽ വാങ്ങി അന്വേഷണ ചുമതല അയാൾക്കായിരുന്നു. ദിനരാത്രങ്ങളിൽ മുഴുനീളം അവരെ ചോദ്യം ചെയ്തു. പക്ഷെ പരസ്പര വിരുദ്ധമായി അവർ മറുപടികൾ പറഞ്ഞു. ഇത് അന്വേഷണസംഘത്തിനു വലിയ തലവേദനായി. കൂടുതൽ തെളിവെടുപ്പിനു വേണ്ടി അവരെ തെളിവെടുപ്പിനായി കൊണ്ടുപോയി. കുറ്റം ചെയ്ത സ്ഥലം പോലീസ് നിരീക്ഷണത്തിലായിരുന്നു. രാത്രിയുടെ കറുത്ത മൂടുപടത്തിൽ അവിടെ ശൂന്യമായിരുന്നു. അവിടെ വച്ച് അവർ ചെയ്ത കാര്യങ്ങൾ വിവരിച്ചപ്പോഴും അവരിൽ കുറ്റബോധത്തിന്റെ ഒരു കണികപോലും ആരും കണ്ടില്ല. അവിടെ നിന്നൊരുത്തൻ ഓടി രക്ഷപ്പെടാൻ തുനിഞ്ഞു. പിന്നാലെ ബാക്കി മൂന്നുപേരും കുതറിയോടി.

അപ്പോൾ, പോലീസുകാരന്റെ തോക്ക് അവർക്കു മേൽ തീ തുപ്പി..... നാല് വെടിയൊച്ചകൾക്ക് പിന്നാലെ അവർ നിലത്ത് പിടയുന്ന കാഴ്ചയാണ് മറ്റുള്ളവർ കണ്ടത്. ആ പെൺകുട്ടിയെ ക്രൂരമായി ചുട്ടെരിച്ച ആ മണ്ണിൽ തന്നെ അവർ പിടഞ്ഞില്ലാതായി. അപ്പോൾ അവർക്കപ്പുറം വീണ്ടും അയാൾ ആ രൂപത്തെ കണ്ടു. നിറഞ്ഞ കണ്ണുകളോടെ കൈകൾക്കൂപ്പി അവൾ അയാൾക്കുമുന്നിൽ ഒന്ന് പുഞ്ചിരിച്ചു.

" തീയ്യിൽ ചുട്ടെരിച്ച ഒരു സ്വപ്നത്തെ തീയ്യിൽ കുരുത്ത വെടിയുണ്ട പതിപ്പിച്ചു. പുതിയൊരു ചരിത്രം തീർത്ത ആ ഐപിഎസ് ക്കാരന് ഹൃദയത്തിൽ നിന്നൊരു സല്യൂട്ട്.."

(ഹൈദരാബാദിൽ ഒരു വെറ്ററിനറി ഡോക്ടറെ നാല് യുവാക്കൾ ക്രൂരമായി പീഡിപ്പിച്ചു ചുട്ടെരിച്ചു കൊലപ്പെടുത്തിയ സംഭവം ആസ്പദമാക്കി എഴുതിയ കഥ)



Febina Farha T
*IV Sem Psychology*




Ummul Mohasina. K
*Vth Sem BA English Pvt.*



# ഞാൻ ചെമ്പരത്തി

ഇത്രയേറെ ചുവന്നു തുടുത്തിട്ടും, ചോരവിതറി
പൂത്തുലഞ്ഞിട്ടും
മണമില്ലെന്ന് ചൊല്ലി എന്നെ നിങ്ങൾ
ഭ്രാന്തിയെന്ന് മുദ്രകുത്തി
ഒരേ തൊടിയിൽ ഒരു വേലിക്കപ്പുറം വിടർന്ന
റോസാപ്പൂവിന്റെ പ്രണയഗന്ധത്തെ ചൊല്ലി
നിങ്ങളെന്നെ തല്ലിയൊടിച്ചു.
സ്നേഹിക്കാൻ ജനിച്ചവൾ
പ്രണയത്തിൻ പാവനമടയാളം ചാർത്തിയതും
അവളിൽ തന്നെ.
എങ്കിലും അക്കരെ കാണുന്ന മൺകുടിലിലെ
മാലാഖപ്പെണ്ണിന്റെ മുടിയിഴകളിൽ
എന്റെ ഗന്ധം ഒളിഞ്ഞിരിപ്പുണ്ട്.
ഇത്രയേറെ ചുവന്നു തുടുത്തിട്ടും ഭ്രാന്തമായ്
പടർന്നു കയറിയിട്ടും തേൻ പകർന്നിട്ടും
തൊടിയിലെ മൂലയിൽ തളച്ചിട്ടപ്പോൾ
ഞാൻ തല കുനിച്ചു.
നെൽമണികൾ വിതറിയ മൺമുറ്റങ്ങളിലെ
മല്ലികത്തോട്ടങ്ങളിൽ,
ഞാനന്നൊരു റാണിയായിരുന്നു.



ഇത്രമേൽ ചുവന്നു തുടുത്ത ഞാൻ,
ഋതുഭേദങ്ങളോട് പടപൊരുതി,
മേനിയഴകിന് മികവേകാനും
മുടിയഴകിന് താളിയാകാനും
ഭ്രാന്താലയങ്ങളിൽ തളച്ചിട്ടു.
അത്രമേൽ സ്നേഹിച്ചതാരെയോ ഞാൻ
ഇന്നിത്രമേലകലത്തിൽ മാറ്റി നിർത്തപ്പെടാൻ...
ഇത്രയേറെ ചുവന്നു തുടത്തൊരെന്നെ
നട്ടുനനച്ചില്ലെങ്കിലും തൊട്ടു തലോടിയില്ലെങ്കിലും
നിലതെറ്റിയവരുടെ നിലപാടിന്നു നിറം പകരാൻ
ചെവികളിൽ പൂക്കുമീ ഞാൻ
ചെമ്പരത്തി

# THE VICTIM



With a screech , the train to halt. People gathered around the door like swarm of flies. Riya half ran with them despite knowing her favorite spot in the train will always be vacant. She had a habit of making up a story from the silliest of things , which according to her mom was an illness. For she thought, over thing could kill the fun. Riya took none of her comments into concern, because she loved to spice up the dull life of hers on her own. The compartment was occupied by the people whom she saw everyday. She gifted a warm smile to everyone who caught her eye. She scooted over to her seat and watched the nearby trees and buildings running backwards in awe. This site never failed to amaze her , since her childhood.

The houses that stood on the way were beginning to merge into the busy day. It was an early hour of a school day. Occasional noises and the trains hooting pierced the silence. Riya has been observing some of the houses almost daily. It helped her in a way ,as she often considered herself living in one of those house. There was a handsome boy who always had headphones on and rode a shiny bicycle , his mom always shouted after him and scolded him for leaving half of the breakfast she served behind. In another part, there lived an old couple who loved each other as passionately as ever. But her favorite of them all was a little house with only a father and a tiny girl living in it. While watching the antics of that girl and the way her fathers eyes lit up in amusement, left her feeling some sort of happiness. Some days the girl will be clinging onto her father's fore arm and laughing out in pure glee. The father's face was also mirroring that probably. His eyes were only clearly visible as half of the face was covered with beard that were of the same colour as midnight.

May be she imagined all of these, may be the people she saw in those houses were not at all living in the conditions she imagined. But her immature mind couldn't care less of the reality. The screeching sound woke her up from the nap she has involuntarily slided off into. In her dreams, she was clinging onto the waist of that bearded man. She was that girl who has her little palms laid flat on the man's tummy. As the train was about to pass through that familiar way, she gazed outside eagerly. When she saw that girl and her old man watering plants with her tiny palms clutched securely inside the bearded man's rather gruffy hands. She felt jealous of that girl, even though didn't want to. Her own parent's images crawled up into her mind unwantedly. It was enough to dwell on for the next hour , but she effectively shut it out.

The next day, she couldn't see either of them. She had the grace to worry for them , at least for a while. When she reached the school, it was long forgotten. On her way back, she missed that girl's cute piggy tails and that man's bloody red eyes that gleamed above the bushy beard. Once she saw the house ,which was unusually crowded, she got nervous. There were people who lived in adjescent houses but there were no traces of that man or that girl. She wanted to get out so back and check what was happiness. Curiosity got the best out of her, so she asked the lady who was animatedly chatting with a group who had eyes that obviously showed fright. She was sure her face was the same once she heard what the fuss was about. "The man always abused her, poor thing, that child! What evil posessed over him to commit such a deadly crime". "He might have a little too much to drink last night". Another woman with fake looking eyelashes muttered with equally fake sympathy.

Riya was tuned out from rest of the conversation. She had had enough of this rubbish. She knew that man and that girl better than anyone else. The still , cold body of that girl with blood oozing wounds all over was too cruel an image for her to imagine. She wondered , whom to tell what she knew of them? 'How do I convince that man is innocent , and is the victim of society's stereotyping ?' .

# സീമന്തരേഖ



അനുശ്രീ പി.കെ
*IV Sem BBA*

എൻ നെറുകയിൽ കത്തിജ്ജ്വിക്കുന്നൊരാഗ്നി നാളമേ
ഈ ശിരസിലൂടൊഴുകുന്ന ചുടുചോരതൻ വർണ്ണം
എൻ സീമന്തരേഖയിൽ നീ ചാർത്തിയ
നിൻ ഹൃദയ സ്പന്ദനമാവുന്നു...
നിൻ സ്നേഹത്തിൻ മാംസപിണ്ഢം
എന്നിൽ തുടിക്കവെ
നീ എന്നെ പരിപൂർണയാക്കി
ഒരമ്മതൻ വാത്സല്യം എന്നിൽ
കടലായ് തിരയടിക്കവെ
മാതൃത്വം തുളുമ്പുന്നൊരീ വേളയിൽ
നിൻ സ്നേഹ സാമീപ്യം
എന്നിൽ കൊതിക്കവെ
അഗാധമീ രാവിൽ
നിൻ മൗനം എന്നെ ഏകാന്തയാക്കി
നിലക്കുന്നിതാ.. നിൻ ജീവന്റെ തുടിപ്പ്
എൻ ശിരസിലെ സീമന്തരേഖ
ഇനി ഓർമകൾ മാത്രം....





# ഹിമാലയത്തിലൂടെ

ഏറെക്കാലമായി മനസ്സിൽ കടന്നുകൂടിയ മോഹമാണ് ഹിമാലയം കാണണമെന്ന്. ഹൈസ്കൂൾ, പ്രീഡിഗ്രി ക്ലാസ്സുകളിൽ പഠിക്കുമ്പോൾ മാതൃഭൂമി ആഴ്ചപ്പതിപ്പ് വായിക്കുക ഒരു ശീലമായിരുന്നു. അതിൽ പലരുടേയും ഹിമാലയ യാത്രകളുടെ വിവരണങ്ങൾ വായിച്ചാണ് പുരാണ പുരുഷന്മാരുടേയും, ഇതിഹാസകാരന്മാരുടേയും, ഐതിഹ്യ പുരുഷന്മാരുടേയും, ചരിത്ര പുരുഷൻമാരുടേയും കർമ്മമണ്ഡലങ്ങൾക്ക് പശ്ചാത്തലമായ ദേവഭൂമി കാണണമെന്ന് ആദ്യമായി തോന്നുന്നത്. പിന്നീട് ആ മോഹം വളർന്നു വളർന്നു വരികയായിരുന്നു. 2019 ജൂൺ മാസത്തിൽ, എന്റെ 68-ാം വയസ്സിൽ, മാത്രമാണ് അത് സഫലമാവുന്നത്.

ഒരു യാത്രാവിവരണത്തിന്റെ സമഗ്രതയയോ, കൃത്യതയോ ആധികാരികതയോ ഒന്നും ഈ കുറിപ്പിനില്ല. അനുഭവസാക്ഷ്യം തീരെയില്ല. ഇതിൽ ഉപയോഗിക്കുന്നു. തീരെ ഒഴിവാക്കാനാവാത്ത; സ്ഥിതി വിവരക്കണക്കുകൾ മുൻ യാത്രക്കാരുടെ പുസ്തകങ്ങൾ, പലയിടത്തു നിന്നും വായിച്ച ബോർഡുകൾ, ട്രാവൽ ഏജൻസികളുടെ ബ്രോഷറുകൾ എന്നിവയിൽ നിന്ന് കിട്ടിയതാണ്. പലതും പരസ്പര വിരുദ്ധങ്ങളും.

ഹിമാലയ ഗാംഭീര്യത്തിന്റെ ആയിരത്തിൽ ഒരു ഭാഗം പോലും പത്തുദിവസം നീണ്ടു നിന്ന ഈ യാത്രകൊണ്ട് അനുഭവിക്കാനായിട്ടില്ല. 'നായ പൂരം കാണാൻ പോയ പോലെ' തന്നെ

വളരെ ദരിദ്രമായ ഗൈഡിങ്ങ്, സഹയാത്രികരുടെ രുചിഭേദങ്ങൾ എന്നിവ കാരണമായിട്ടുണ്ടാവാം. എന്നാൽ, ഹിമാലയത്തെക്കുറിച്ച്, അവിടത്തെ മണ്ണ്, വൃക്ഷം, ജീവിസാന്നിദ്ധ്യം, കാലാവസ്ഥ, ഐതിഹ്യം, ചരിത്രം, പുരാപുരുഷന്മാർ എന്നിങ്ങനെ എല്ലാറ്റിനേയും കുറിച്ച് കൃത്യമായ ഗാഢവും വിശാലവുമായ അറിവുള്ള എന്റെ അടുത്ത ബന്ധുകൂടിയായ സഹയാത്രികന്റെ സാന്നിദ്ധ്യം കൊണ്ടാണ് കുറച്ചെങ്കിലും ഹിമാലയവിസ്മയത്തെ അനുഭവിക്കാനായത്. (തുടർന്ന് നടത്തിയ ദൽഹി ഓട്ടപ്രദക്ഷിണത്തിനിടയ്ക്ക്, കൂടെ യാത്ര നടത്തിയ ചെറുപ്പക്കാരൻ, അദ്ദേഹം ഒരു പ്രൊഫസർ ആയിരുന്നെന്ന് തെറ്റിദ്ധരിച്ചതിൽ ഒരു അപാകതയുമില്ല.)

2500 കിലോമീററർ നീണ്ട, 5 ലക്ഷം ചതുരശ്ര കിലോമീറ്റർ ഉൾക്കൊണ്ട്, 7000 ൽ അധികം അടി ഉയരമുള്ള 60 ഓളം ശൃംഗങ്ങൾ വഹിച്ച് നിൽകുന്ന ഹിമാലയം, ലോകത്തിലെ മറ്റ് പർവ്വതനിരകളേക്കാൾ ഇളപ്പമുള്ളതാണ്. ഇനിയും എത്രയോ സഹസ്രാബ്ദങ്ങൾ പിന്നിട്ടാലെ, ഈ പർവ്വതമുത്തശ്ശന് ' ഇരുത്തം' വരുകയെന്നും പറയുന്നു.

ദൽഹിവിട്ട്, ഋഷികേശിൽ നിന്നാണ് ദേവഭൂമിയിലേയ്ക്ക് പ്രവേശിക്കുന്നത്. ഇനിയങ്ങോട്ട് ദുർഗ്ഗമമായ പർവ്വതയാത്ര. എത്രയോ കയറ്റങ്ങൾ, ഇറക്കങ്ങൾ, വളഞ്ഞുപുളഞ്ഞ് നീളുന്ന റോഡ്, വീണ്ടും കയറ്റങ്ങൾ... അങ്ങിനെ ഇടയ്ക്കിടെ നദീതടങ്ങൾ തരണം ചെയ്ത് മുന്നോട്ട്....

**യമുനോത്രിയിലേക്ക്**

ചതുർധാമയാത്രയിൽ ആദ്യം പോയത് യമുനോത്രിയിലേക്കാണ്. ബാർകോട്ട് എന്ന സ്ഥലത്തിനിന്നാണ് പുറപ്പെട്ടത്. അവിടെ നിന്ന് ജനകീചട്ടി വരെ ബസ് പോകും. അവിടെ നിന്ന് 7 കിലോമീറ്റർ നടന്നോ കുതിരപ്പുറത്തോ പോകണം. വീതി കുറഞ്ഞ വഴി. കുത്തനെയുള്ള കയറ്റങ്ങൾ. കുതിരമൂത്രം കൊണ്ടും ചാണകം കൊണ്ടും മലിനമായ വഴി. എതിരെ നിന്നോ, പിന്നിൽ നിന്നോ വരുന്ന ഡോലിയുടെ തണ്ട് തലയ്ക്ക് തട്ടുമോ, കുതിരകൾ കൈവരികൾ തകർന്നുപോയ വിടവിലൂടെ അത്യഗാധമായ കൊക്കയിലേക്ക് തള്ളിയിടുമോ വഴിയിൽ ഉന്തിനിൽക്കുന്ന പാറകളിൽ ഞെരിച്ചമർത്തുമോ എന്നിങ്ങനെയുള്ള പേടി ആ യാത്രയിൽ ഉടനീളം തുടർന്നു. കല്ല് അടർന്നപോയ ഒരു കുഴിയിൽ ഒരു കുതിര ചാടിയപ്പോൾ ദേഹം മുഴുവൻ അഭിഷേകം. ആ നാറ്റം യാത്രിയിലുടനീളം – 10 ദിവസവും ഞങ്ങൾക്ക് ഒപ്പമുണ്ടായിരുന്നു. എന്റെ സഹയാത്രികൻ കുറിച്ചപോലെ, കടുത്ത ശത്രുക്കൾക്കുപോലും യമുനോത്രിയിലേയ്ക്ക് പോകാൻ തോന്നരുതേ എന്ന് തോന്നിപ്പോയി.

എന്നാൽ 3225 മീറ്റർ ഉയരമുള്ള യമുനയുടെ ഉത്ഭവസ്ഥാനമായ ഹിമാനി (Glacier)യുടെ സാന്നിദ്ധ്യം, കുതിച്ചിറങ്ങിവരുന്ന യമുനയുടെ ദൃശ്യം, മഞ്ഞുമലയുടെ ആദ്യദർശനം എന്നിവ യാത്രയുടെ ക്ഷീണത്തേയും മുഷിപ്പിനേയും അകറ്റിക്കളഞ്ഞു എന്നത് നേര്. യമുനോത്രീ യാത്ര പാതിവഴിക്ക് അവസാനിപ്പിക്കേണ്ടി വരുന്നവരുടെ അനുഭവത്തെക്കുറിച്ച് അറിഞ്ഞിരുന്നു. യമുനയുടെ ശുദ്ധമായ രൂപം – ലോകത്തിലെ ഏറ്റവും മാലിന്യം പേറുന്ന നദിയിലൊന്നാണ് യമുന– ദർശിക്കാനും സ്പർശിക്കാനുമായത് മഹാപുണ്യം തന്നെ.

**ഗംഗോത്രിയിലേയ്ക്ക്**




ബാർകോട്ടിൽ നിന്ന് ഉത്തരകാശിയിലേക്ക്. ഗംഗോത്രി യാത്ര തുടങ്ങുന്നത് അവിടെ നിന്നാണ്. 1500 മൈലോളം നീണ്ടു കിടക്കുന്ന ഹിമാലയത്തിന്റെ ഏതാണ്ട് മധ്യഭാഗത്താണ് ഗംഗോത്രി. നന്നേ വെളുപ്പിന് ഉത്തരകാശിയിൽ നിന്ന് പുറപ്പെട്ട്, രാവിലെ 7 മണിയോടെ, ഒരു വലിയ മേട്ടിൽ എത്തിച്ചേർന്ന് യാത്രയിൽ ഏറ്റവും തണുപ്പ് അനുഭവിച്ചത് അവിടെയാണ്. ഗ്ലൗസിട്ട കയ്യിൽക്കൂടി തണുപ്പിന്റെ ആക്രമണം. ചെറിയൊരു ചായക്കടയിൽ നിന്ന് അഞ്ചു രൂപ നിരക്കിൽ രണ്ട് ഗ്ലാസ്

ചൂട് വെള്ളം വാങ്ങിക്കുടിച്ചു. സ്റ്റീൽ ഗ്ലാസ് രണ്ടു കൈകൊണ്ട് പിടിച്ച് നെഞ്ചോടുചേർക്കാനായി. പിന്നെ പേപ്പർ ഗ്ലാസിൽ ചായ.

യാത്രയിൽ ഏറെ ഭയം ജനിപ്പിച്ചത് ഗംഗോത്രി യാത്രയാണ്. ഒരുവശത്ത് നോക്കെത്താത്ത ആഴങ്ങളിൽ പർവ്വത മടക്കുകൾക്കിടയിലൂടെ ഭഗീരഥി. റോഡ് വീതി നന്നേ കുറവ്. ഇടയ്ക്കിടെ റോഡിലേക്ക് തള്ളി നിൽക്കുന്ന കൂറ്റൻ പാറക്കെട്ടുകൾ. ""Hold on your nerves" എന്ന ബോർഡുകൂടി കണ്ടപ്പോൾ, യാത്രക്കാരെല്ലാം പ്രാർത്ഥനയിൽ എന്നപോലെ നിശ്ശബ്ദരായി. സൈഡ് സീറ്റിലിരിക്കാൻ ബദ്ധപ്പെടുന്നവർ, പതുക്കെ സീറ്റുകൾക്കിടയിലൂടെ ഇടനാഴിയിലേക്ക് ഇറങ്ങിയിരിക്കും എന്ന ഒരു മുൻ യാത്രികന്റെ നിരീക്ഷണം ശരിതന്നെ. കാഴ്ചകളുടെ വശ്യഭീകരത കൊണ്ടാവാം, ഞാൻ സൈഡ് സീറ്റിൽ തന്നെ തുടർന്നത് അത്ഭുതമായി തോന്നുന്നു.

3400 മീറ്റർ ഉയരത്തിലാണ് ഗംഗോത്രി. കുറച്ച് വീതിയിൽ കലങ്ങി മറിഞ്ഞാണ് ഭാഗീരഥി. യമുനോത്രിയിൽ 2-3 കി.മീറ്റർ അകലെ യമുനയുടെ ഉത്ഭവം കാണാനായെങ്കിൽ, ഗംഗോത്രിയിൽ അതല്ല സ്ഥിതി. അവിടുന്ന് 18 കി. മീറ്റർ അകലെ ഗോമുഖിൽ നിന്നാണ് ഭാഗീരഥി ഭൂമിയിലേയ്ക്ക് ഇറങ്ങുന്നത്. അതിദുർഗ്ഗമവും ഭീതിദായകവുമായ വഴിയിലൂടെ ധാരാളം ചെറുപ്പക്കാർ ഗോമുഖിയിലേക്ക് ട്രക്കിംഗ് നടത്തുന്നു. (അമ്പത് വയസ്സിന് മുമ്പ് വരാൻ സാധിച്ചിരുന്നെങ്കിൽ !) ഗംഗാമാതാവിന്റെ ക്ഷേത്രം, ഭഗീരഥന്റെ തപസ്ഥാനം എന്നിവയൊന്നും മനസ്സിനെ സ്പർശിച്ചില്ല. സാധാരണ ക്ഷേത്ര സങ്കേതങ്ങൾ പോലെ തന്നെ വള, മാല, കച്ചവടം തകൃതിയായി നടക്കുന്നു.

യമുനോത്രിയിലും ഗംഗോത്രിയിലും യമുനാമായിയെയും ഗംഗാമാതാവിനേയും ക്ഷേത്രമുണ്ടാക്കി പൂജിക്കുന്ന നാം, അവയെ മലിനപ്പെടുത്തുന്നതും, ഗതി തടഞ്ഞ്, അണകെട്ടി, ജലമൂറ്റുന്നതും നിർബാധം തുടരുന്നതിലെ വൈരുദ്ധ്യം യാത്രയുടെ 'നിസാന്ദന'ങ്ങളിൽ ഒന്നായിരുന്നു.



## കേദാറിലേയ്ക്ക്

ഗംഗോത്രിയിൽ നിന്ന് മടങ്ങി ഉത്തരകാശിയിൽ വിശ്രമിച്ച് പിറ്റേന്ന് സീതാപ്പൂരിലേയ്ക്ക്. അവിടെ നിന്നാണ് കേദാർ യാത്ര. ലോകത്തിലെ ഏറ്റവും ഉയരമുള്ള സ്ഥാനത്ത് പണിത തെഹരി അണക്കെട്ടിന് മുകളിലൂടെ ഭാഗീരഥിയുടെ മറുകരയെത്തി. ഡാമിന്റെ പരിസരത്തുകൂടിയാണ് യാത്ര. നദിപോലെതന്നെ റിസർവോയറും ശോഷിച്ചിരുന്നു. ഉയരമുള്ള മലഞ്ചെരിവുകളിൽ വെള്ളം പൊങ്ങിയിരുന്നതിന്റെ അടയാളം കണ്ടു.

വഴിക്കാണ് രുദ്രപ്രയാഗ. മന്ദാകിനിയും അളകനന്ദയും ഇവിടെ സംഗമിക്കുന്നു. ആദ്യത്തെ പ്രയാഗ. രണ്ടു നദികളിലും വെള്ളം കുറവായിരുന്നു, പക്ഷെ കലങ്ങിയിരുന്നു. നദീസംഗമങ്ങളെക്കുറിച്ചുള്ള സങ്കൽപ്പം തിരുത്തേണ്ടി വന്നു. ആ പുണ്യസങ്കേതവും ഒരു ചെറുനഗരമാണ്. സന്ധ്യയോടെ സീതാപ്പൂരിൽ എത്തി. വാഹനങ്ങളെക്കൊണ്ടും യാത്രക്കാരെക്കൊണ്ടും വീർപ്പുമുട്ടുന്നു.

വെളുപ്പിന് രണ്ടരമണിക്ക് തന്നെ നേരത്തെ ഏൽപ്പിച്ചിരുന്ന പ്രകാരം പോണിയുടെ പുറത്ത് ഗൗരി കുണ്ഡിലേയ്ക്ക് രജിസ്ട്രേഷനുശേഷം കേദാറിലേയ്ക്ക്. ആദ്യമായതുകൊണ്ടാവാം വളരെ ക്ലേശകരമായി തോന്നി 23 കിലോമീറ്ററോളമുള്ള ആ കുതിര യാത്ര. കേദാരഭൂമിയിലെ ദൃശ്യങ്ങൾ, സ്വന്തംപോലെ ഒന്നിലെ കുഞ്ഞുംക്കം, സത്യൻ ഡോക്ടർ തന്നയച്ച ധാന്വന്തരം ഗുളിക എന്നിവ ആ ക്ലേശത്തെ അകറ്റി. യാത്രയിൽ പലപ്പോഴും ശ്വാസനത്തിന് പ്രയാസം വന്നപ്പോൾ ഞങ്ങൾ രണ്ടുപേർക്കും ധാന്വന്തരം ഗുളിക സഹായകമായി.

3583 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്ന ക്ഷേത്രം താരതമ്യേന ചെറുതാണ്. ഇരുവശവും മഞ്ഞുമൂടിയ മഹാശൃംഗങ്ങൾ, ഏറ്റവും അടുത്ത്. അകലെ നിന്ന് മന്ദാകിനി കുതിച്ചുവരുന്നു. ചെറിയ ചെറിയ പ്രവാഹങ്ങൾ അതിൽ ചേരുന്നു. 2013 ലെ മഹാപ്രളയത്തിന്റെ അടയാളങ്ങൾ ഭയപ്പെടുത്തുന്നതായിരുന്നു. എത്രയോ ആളുകളുടെ ശവപ്പറമ്പിന് മുകളിലൂടെയാണ് യാത്ര ചെയ്യുന്നത് എന്ന് അറിഞ്ഞപ്പോൾ വല്ലാത്ത നൊമ്പരം തോന്നി. മന്ദാകിനി രൗദ്രരൂപം കൊണ്ട് ആർത്തലച്ച് വന്നപ്പോൾ അതികൂറ്റനായ ഒരു പാറ കൂടെ വന്ന് ക്ഷേത്രത്തിന് സംരക്ഷണം തീർത്തത് നേരിൽ കണ്ടു. ക്ഷേത്ര



മതിൽക്കെട്ടിൽ നിന്ന് ഒരു ഇരുപത് മീറ്റർ അകലെയാണ് ആ പാറ നിന്ന് മഹാപ്രവാഹത്തെ തടുത്ത് കേദാർക്ഷേത്രത്തിന് ഒരു പോറൽ പോലും ഏൽപ്പിക്കാതെ സംരക്ഷിച്ചത്. (ഇപ്പോൾ ആളുകൾ ആ പാറയേയും പൂജിക്കാൻ തുടങ്ങിയിരിക്കുന്നു!)

ശ്രീ ശങ്കരൻ അപ്രത്യക്ഷനായെന്ന് വിശ്വസിക്കപ്പെടുന്ന ഹിമവൽ പാർശ്വത്തിലേക്ക് നോക്കി നോക്കി നിൽക്കുമ്പോൾ മനസ്സ് നിറഞ്ഞ് വിങ്ങുന്നു. ആ നിമിഷങ്ങളാണ് യാത്രയിലെ ഏറ്റവും ഘനഗരിമയാർന്നത് എന്ന് തീർത്തും പറയാം.

രണ്ടോ മൂന്നോ മണിക്കൂറുകൾക്കുശേഷം തിരിച്ചിറങ്ങിയതും കുതിരപ്പുറത്തുതന്നെ. കയറുമ്പോൾ വഴിവക്കിലേയ്ക്ക് എത്തിനിന്നിരുന്ന ഏതാണ്ട് അൻപത് അടി വീതി വരുന്ന മഞ്ഞുപാളി തണുത്തുറഞ്ഞ് മൺവെട്ടികൊണ്ട് അതുമുറിച്ച് മാറ്റുന്നുണ്ട്. മലമടക്കുകളിലൂടെ മുകളിയേക്കും താഴേയ്ക്കും നീങ്ങുന്ന യാത്രികരുടെ അവസാനിക്കാത്ത നിര അപൂർവ്വമായ ഒരു കാഴ്ചയായിരുന്നു.

**ബദരിയിലേക്ക്**

പിറ്റേന്ന് സീതാപ്പൂരിൽ നിന്ന് ബദരിയിലേയ്ക്ക്. ഒരു പ്രയാഗകൂടി. കർണ്ണ പ്രയാഗ-അളകനന്ദയും പിണ്ഡാർ നദിയും സംഗമിക്കുന്നു. കർണന്റെ ജീവിത്തിലെ ചില സന്ദർഭങ്ങളെ അനുസ്മരിച്ചാണ് ഈ പേര്. ഏറെ ദൂരെയല്ലാതെ തന്നെ അളകനന്ദയും നന്ദാകിനിയും സംഗമിക്കുന്ന നന്ദപ്രയാഗ.

അപ്രതീക്ഷിതമായി സംഭവിക്കാറുള്ള കനത്ത ഹിമപാതവും മലയിടിച്ചിലും ഒന്നും ഈ യാത്രയിൽ പ്രതിബന്ധങ്ങൾ ഉണ്ടാക്കിയില്ല. പക്ഷെ ഒമ്പതു മണിക്കൂറോളം ഞങ്ങളുടെ വാഹനം ട്രാഫിക്ക് ബ്ലോക്കിൽപെട്ടു. ജോഷിമഠിലെ ശങ്കരാചാര്യക്ഷേത്രവും മറ്റും രാത്രിയായതിനാൽ കാണാനായില്ല. ഈ സന്ദർശക പ്രവാഹമാണ് കേദാറിലും ബദരിയിലും അനിശ്ചിത സമയത്തേയ്ക്ക് ക്യൂ നീണ്ടു പോവാൻ കാരണം. രാത്രിയായതിനാൽ അതിദുർഗ്ഗമങ്ങളായ കയറ്റങ്ങൾ കാണപ്പെടാതെ പോയി.

പുലർച്ചെ മൂന്നരമണിയ്ക്കാണ് ബദരിയിലെത്തിയത്. ദുഃസ്സഹമായ തണുപ്പ്, ഉറക്കച്ചടവ്, മുറിയിലെ കമ്പിളിയുടെ പ്രലോഭനം ഇതൊന്നും വകവെയ്ക്കാതെ ക്ഷേത്രത്തിലേക്ക് തപ്തകുണ്ഡത്തിലെ കുളി. ആദ്യം കുറച്ച് ഇറങ്ങിയെങ്കിലും ചൂട് കൊണ്ട് കയറി. പിന്നെ രണ്ടും കൽപിച്ച് മുങ്ങി. നാലഞ്ചുമിനുട്ട് ആ കൊച്ചുകുളത്തിൽ മുങ്ങിയും പൊങ്ങിയും കഴിച്ചുകൂട്ടി. പർവ്വതത്തിന്റെ അടിയിലൂടെ ഒഴുകി വരുന്ന ചുടുനീരുറവയെ കെട്ടി നിർത്തിയതാണ് തപ്തകുണ്ഡം. ഹിമാലയ യാത്രയ്ക്കിടയിൽ ഇത്തരം നീരുറവകൾ പലതുമുണ്ട്. പക്ഷെ കുളിക്കാനായത് ബദരയിൽ മാത്രം. തലേന്ന് ഉച്ചയോടെ കഠിനമായിത്തീർന്ന ജലദോഷം, കാലിന്റെയും ഇടുപ്പിന്റേയും വേദന എന്നിവ നിശ്ശേഷം മാറി.

സമുദ്ര നിരപ്പിൽ നിന്ന് 3133 മീറ്റർ ഉയരത്തിലാണ് ബദരീനാഥ ക്ഷേത്രം. ബദരീവിശാൽ. അകലെ നിന്ന് ആർത്തുവരുന്ന അളകനന്ദ. ഇരുവശത്തും മഹാശൃംഗങ്ങൾ. ഏറ്റവും തലയെടുപ്പോടെ നാരായണ പർവ്വതം. ഒമ്പത് മണി വരെ ആ സന്നിധാനത്ത് ചെലവിട്ടു. സൂര്യോദയത്തിൽ മഞ്ഞ പർവ്വതങ്ങൾ സുവർണ്ണകിരീടമണിയുന്ന കാഴ്ച മറക്കാൻ പറ്റില്ല.

ബദരിയിൽ നിന്ന് തിബത്തിൻ അതിർത്തിയിലുള്ള മാനാഗ്രാമം കാണാൻ പോയി. തിബത്തുമായി അതിര് പങ്കിടുന്ന ഇന്ത്യയുടെ വടക്കേയറ്റത്തുള്ള ഗ്രാമം. സരസ്വതീ നദി അളകനന്ദയിൽ പതിക്കുന്നത് ഇതിനടുത്താണ്. ഭീമസേനൻ കൂറ്റൻ പാറകൊണ്ട്



Shirin Sharaf. K
*II BSc Maths*

# അവൾ

അന്ന്,
എത്ര ഇഷ്ടത്തോടെയായിരുന്നു ഞാൻ
അവളിൽ പ്രണയത്തെ പെയ്യിച്ചത്
അവളിൽ ഞാനൊരു വേനലായതുകൊണ്ടാവാം
ആരെയോ തീരത്ത് മുന്നോട്ടു
പൊയ്ക്കൊണ്ടേയിരുന്നു
നിന്റെ വെളുത്ത യൗവ്വനത്തിൽ കൂട്ടുനിൽക്കുവാൻ
ഏറെ പേരുണ്ടായിപ്പോയതായോ തെറ്റ്
ആളൊഴിഞ്ഞ കടവുകളിൽ
നിന്നിലാഴത്തിൽ പലവുരു
പിച്ചിച്ചീന്തി കടന്നു കളഞ്ഞവർ

ഇന്ന്;
ഇന്നവൾ വാർദ്ധക്യത്തിലാണ്
അവൾക്ക് കൂട്ടിനാരുമില്ല
ജീവൻ നിലനിർത്താൻ പോലും
കഴിയാത്തയവസ്ഥയിൽ...
മുന്നോട്ടു പോകാൻ കഴിയാതെ
തനിക്കുവേണ്ടി കാത്തിരിക്കുന്നവന്റെ
അരികിലെത്താൻ കഴിയാതെ...
നിള...
അവൾ......


GRETA THUNBERG
THE BATTLE FOR FUTURE
“No one is too small to make a difference



Subin P Biju
*IV Sem BA English*

**"**


**I want you to act as if the house is on fire, because it is.**

Its complicated being Greta".This was the line written by New York Times about the girl who came with her friends to the public places of Stockholm in the icy cold weather of February, who had a great concern for nature amidst the forth coming generations.

Greta Tintin Eleonora Ermman Thunberg is a Swedish environmental activist on climate change. She was born on 3rd January 2003 as the daughter of Swedish opera singer Malena Erman and Swedish actor Svante Thunberg. Greta rose to worldwide prominance when she initiated the school strike for climate or more prominantly known as the Friday for Future.

Greta was diagnosed with asperger syndrome in her childhood itself. Asperger syndrome is a development disorder characterized by significant difficulties in social interactions and non verbal communications along with restricted and repititive patterns of behavior and interests. But Greta didn't consider it as a disease or illness rather she called it as a 'superpower'.





Greta was fond of studying piano, she liked dramas also. She was a lover of solitude. Even though she had some health problems, she was academically a bright student. She didn't give much importance for mobile phones and dresses in her life. Along with other students, Greta also watched documentaries and short films of ice melting in the arctic, animals chocking to death due to the intake of plastic and the situations of polar bears. But different from other students, these had a great impact on Greta. She sat down and thought a lot about these changing circumstances and finally was resolved to do something against the climate change. The positive thing was that she didn't think about her age, skill and knowledge. But highly determined to bring a change.

Greta started her climate strike from her home itself. At home, she convinced her parents to adopt several lifestyle choices to reduce their own carbon footprint, including giving up air travel and not eating meat. From 20th August 2018 Greta started her climate strike before the Swedish Riksdag (parliament) to follow agreements drafted in the Paris climate summit and ti reduce the carbon emission of Sweden. At the initial stage Greta's parents didn't support her for the Friday strikes. Also she had to hear a lot of criticism for boycotting the school for the strike. But her strike has inspired school students across the globe. Millions of students are part of this growing movement worldwide.

Greta continuously urges the world leaders "Not to listen her, just listen to the scientists".Her speeches are clearly based on scientific facts and evidences. Her speech at the United Nation, even though was for less than five minutes, It was a powerful speech which shook the whole world. After noticing a hundred fold increase in the usage, lexicographers at Collins dictionary named Thunbergs pioneering idea, 'climate strike', the word of the year. similarly Oxford dictionary named 'climate emergency',the 2019 word of the year.

Greta has no magic solution for the climate crisis. But she has succeeded in creating a global attitudinal shift ,transforming millions into a worldwide movement calling for urgent change. The climate change is not just a problem of Sweden or Europe ,it affects everyone and everyplace in the earth from the tropical regions to the frozen north and south poles .The fact is that the change have already started. The ice bergs in the polar are melting away. The climate conditions and seasons have totally changed. Which is resulting in severe drought ,forest fires, heat waves ,flood etc. The natural calamities have increased in number and in its destructive power. Talking about our own ,from the past two years we have also witnessed the results of the climate change in the form of severe drought and heavy floods. The evidences are very clear for the climate change. But the world think it is a fiction and not reality .And it is in this turbulent period people like Greta is changing the perspective of the people worldwide. For her efforts, Greta was honored with several awards, the prominent being the Right to Livelihoods award also known as the Alternate Nobel Prize. Greta's name had been nominated for the 2019 Nobel prize. She has been selected as the 2019 Person of the Year by Times magazine. Now it is the turn of the leaders and people all over the world to answer the greatest challenges of our existence on this planet.

# മണ്ണിന് പറയാനുള്ളത് മണ്ണിന്റെ മടിയിൽ

തുഞ്ചന്റെ തീർത്ഥമാം ദിവ്യാക്ഷരങ്ങളും,
തത്തയും തേനൂറും തക്ഷശിലകളും
തച്ചോളി തന്നുടെ മേനിയും കീർത്തിയും
താരാപഥങ്ങളായ് മാറിടും മണ്ണിത്

കൈരളിയെന്നയീ കേരഭൂവിൽ,
കുരുവികൾ ശ്രുതിമീട്ടും ദൈവഭൂവിൽ
കഥാകവിത്രയങ്ങൾ തൻ ജന്മഭൂവിൽ
കനകം കതിരിടും കാനനത്തിൽ

ഗന്ധർവ്വ വീണതൻ മഞ്ജീരമായ്,
ഗീതാമൃതങ്ങൾ തൻ സാകേതമായ്
സിരയിൽ നിറയെ തേജസ്സുമായ്
സാഗരം മുത്തുന്ന തിരുമണ്ണിത്

പലജാതി പേരിൽ ഉണർന്നമണ്ണിൽ
പലതുള്ളിയൊന്നിച്ച പേമാരിയിൽ
പ്രണയിതമെങ്കിലും പ്രക്ഷുബ്ധമായ്
പൊയ്പ്പോയ കഥകൾ പലതിവിടെ

സമത്വത്തിനായുള്ള പോരാട്ടവും
സിരകൾ ചിന്തിയ ചുടുരക്തവും
സാഗതം സഹികെട്ട ഓർമകളും
സർപ്പമായുറങ്ങുന്ന രണഭൂവിത്

പാടുവാനുണ്ട് പലഗാഥകൾ
പറയുവാനുണ്ട് പലരീതിയിൽ
പതിതമായ് ഈ മണ്ണിൽ പതിയിരിക്കും
പ്രാർത്ഥനയില്ലാത്ത പോക്കുകളെ

വൈവിധ്യമെല്ലാം ഭൂഷണമായ്,
വർണ്ണങ്ങളായ് വിടർന്നു നിൽകവേ,
വൈവിധ്യം ചിന്തിയ രക്തത്തിലായ്
വിളങ്ങുന്ന വൈരുദ്ധ്യ താരകമായ്

മാമ്പൂക്കൾ പൂക്കുന്ന ചൈതന്യവും
മാനോടും മാമലക്കാടുകളും
മാനവർ ഭസ്മമായ് മാറ്റിടുമീ
മാന്ത്രിക ലോകമീ കൈരളിയും

പുതുമതൻ കൊട്ടാര സൗധങ്ങളും
പുകയായ് ഉയരുന്ന മാലിന്യവും
പൂക്കയായ് പറയാതെ നമ്മിലൂടെ
പണത്തിന്റെ പൊയ്മുഖ ഛായങ്ങളായ്

അനന്തമാം യാതന, അകതളത്തിൽ
അറിയാത്ത വേദന നെഞ്ചകത്തിൽ
അനശ്വര ചേതന പിടയുന്നിതാ,
അതിലോലമാകുമീ മൺമടിയിൽ

ക്ഷമയുടെ മായാത്ത മാരിവില്ലായ്
ക്ഷയിക്കാതെ സൂര്യനായ് ഉണർന്നെണീക്കും
ക്ഷിതിയുടെ നന്മകൾ നാം കാണണം
ക്ഷത്രിയ വേഗത്തിൽ മാറ്റത്തിനായ്

ഇനിയും പിറക്കാത്ത മാനവർക്കായ്
ഇനിയും പൊലിയാത്ത നന്മകൾക്കായ്
ഈ മണ്ണിനാത്മാവു കേഴുന്നിതാ
ഈ രംഗഭൂമിയിൽ നമ്മളോടായ്






# മുറിവുണങ്ങാത്ത ആമസോൺ

ആമസോൺ മഴക്കാടുകൾ, തെക്കേ അമേരിക്കയിലെ ആമസോൺ പ്രദേശത്തു പടർന്നുകിടക്കുന്ന ഒരു വലിയ വനപ്രദേശം; എന്ന വരികളിൽ ഒതുക്കിക്കളയാൻ സാധിക്കുന്നതല്ല ഭൂമിയുടെ ഈ ശ്വാസകോശത്തെ. നമ്മെ ഇവിടെ നിലനിർത്തുന്ന ഭൂമിയോട് നമുക്ക് ചിലകടമകൾ നിർവഹിക്കേണ്ടതില്ലേ. നമ്മുടെ ശ്വാസകോശത്തെ പോലെതന്നെ വിലമതിക്കാനാവാത്തതാണ് ഭൂമിയുടെ ശ്വാസകോശമായ ആമസോൺമഴക്കാടുകളും എന്ന ബോധം നമ്മിലുണരേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. നമ്മുടെ ശ്വാസകോശത്തിന് നാം നൽകുന്ന സംരക്ഷണം ഭൂമിയുടെ ശ്വാസകോശത്തിനും നൽകേണ്ടതാണ്.

ഇന്ന് ആമസോൺ മഴക്കാടുകൾ നേരിടുന്ന വെല്ലുവിളികൾ ലോകമെമ്പാടും ഭീഷണിയുയർത്തിക്കൊണ്ടിരിക്കുകയാണ്. പതിനായിരത്തിൽ പരം സ്പീഷ്യസുകളിലായി മുപ്പത്തിയൊൻപതിനായിരം കോടി മരങ്ങളുള്ള ഈ മഴക്കാടുകൾക്ക് കേരളത്തിന്റെ നൂറ്റിമുപ്പത്തിയെട്ട് ഇരട്ടി വലിപ്പമുണ്ട്. ലോകത്തവശേഷിച്ചിട്ടുള്ള മഴക്കാടുകളിൽ പലതും ആമസോണിലാണ്. ഭൂമിയിലെ ഏറ്റവും സമ്പൽ സമൃദ്ധമായ ജൈവ വൈവിധ്യം നിലനിൽക്കുന്ന മേഖലയായ ആമസോൺ മഴക്കാടുകൾ ബൊളീവിയ, ബ്രസീൽ, കൊളം



Akhila A
*II BA English*



ബിയ, ഇക്വഡോർ, ഫ്രഞ്ച് ഗയാന, ഗയാന, പെറു, സുരിനാം, വെനിസേല എന്നീ രാജ്യങ്ങളിലായാണ് വ്യാപിച്ചു കിടക്കുന്നത്. ഇതിൽ 60 ശതമാനവും ബ്രസീലിലാണ്. ഉഷ്ണമേഖലാ മഴക്കാടുകളിലെ ഏറ്റവും ജൈവവൈവിധ്യമേറിയതും വലുതുമായ മഴക്കാടുകൾ ഇതുതന്നെ. അഞ്ചരക്കോടി വർഷങ്ങളായി നിലനിൽക്കുന്ന ഈ നിബിഢ വനത്തിൽ കഴിഞ്ഞ ഇരുപത്തിയൊന്നായിരം വർഷത്തിനിടയിൽ കാര്യമായ മാറ്റങ്ങളാണ് അവിടുത്തെ ജീവജാലങ്ങൾക്ക് സംഭവിച്ചിരിക്കുന്നത് എന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. വലിയ അളവിൽ കാർബൺ ഡൈഓക്സൈഡ് വലിച്ചെടുത്ത്, ഭൂമിയുടെ അന്തരീക്ഷത്തിലെ ആകെ ഓക്സിജന്റെ 20 ശതമാനം പുറത്തേയ്ക്കുവിടുന്നതിനാൽ ഭൂമിയുടെ ശ്വാസകോശം എന്ന പേരും ആമസോൺ മഴക്കാടുകൾ കൈവരിച്ചു. ഇത്രമാത്രം വൈവിധ്യങ്ങളടങ്ങിയ ഈ അമൂല്യ സമ്പത്താണ് ഇന്ന് നാശത്തിലേക്ക് കാലിടറിക്കൊണ്ടിരിക്കുന്നത്.

ഭൂമിയുടെ ശ്വാസകോശത്തിൽ അടിക്കടിയുണ്ടാകുന്ന കാട്ടുതീ പ്രകൃതി വ്യവസ്ഥകളെ സാരമായി ബാധിക്കുകയും ലോകത്തിന്റെ പാരിസ്ഥിതിക സന്തുലനത്തിന് ഗുരുതര ഭീഷണിയുയർത്തുകയും ചെയ്യുന്നു. ചരിത്രം ഏറ്റവും വലിയ കാട്ടുതീയിലാണ് ആമസോണിന്റെ ഒരു ഭാഗം ഈയിടെ കത്തിയമർന്നത്. വനത്തെ കൊള്ളയടിക്കുന്ന മനുഷ്യർ ഒരു ദയാദാക്ഷിണ്യവും കൂടാതെയാണ് ആമസോൺ മഴക്കാടുകളെ അഗ്നിക്കിരയാക്കിയത്. 2019 ജനുവരി മുതൽ ഓഗസ്റ്റ് വരെയുള്ള കാലയളവിൽ 74,155 തവണയാണ് കാട്ടുതീ റിപ്പോർട്ട് ചെയ്യപ്പെട്ടതായി ബ്രസീലിന്റെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്പേസ് റിസർച്ച് വ്യക്തമാക്കുന്നു. പലപ്പോഴും പുറംലോകമറിയാതെ കാട് കത്തിക്കൊണ്ടിരിക്കുന്നുവെന്നും പഠനങ്ങൾ പറയുന്നു. കഴിഞ്ഞ പ്രാവശ്യത്തെക്കാൾ 85 ശതമാനം അധികം കാട്ടുതീയാണ് ഈ വർഷം ആമസോൺ കാടുകളിൽ ഉരുവം കൊണ്ടത്. ആമസോൺ മഴക്കാടുകൾക്ക് സംഭവിക്കുന്ന ഏതൊരു

നാശവും ലോകത്തെവിടെയാണെങ്കിലും അവിടുത്തെ പാരിസ്ഥിതിക സന്തുലിതാവസ്ഥയെ വളരെ ദയനീയമായി ബാധിക്കുന്നുണ്ട്.

കൃഷിയുടെയും കന്നുകാലി വളർത്തലിന്റെയും പേരിലുള്ള മനുഷ്യന്റെ അനധികൃതമായ കടന്നുകയറ്റം ആമസോൺ മഴക്കാടുകളുടെ ഇന്നത്തെ അവസ്ഥയ്ക്ക് മുഖ്യകാരണമായിത്തീർന്നിട്ടുണ്ട്. എത്രകൊള്ളയടിച്ചാലും മതിവരാത്ത മനുഷ്യന്റെ അത്യാർഥിതന്നെയാണ് ആമസോണിലെ അനധികൃത മരം വെട്ടലിനെതിരെ പ്രവർത്തിച്ച ' കാർഡിയൻസ് ഓഫ് ഫോറസ്റ്റ്' എന്ന ഗോത്രവർഗ സംഘടനയുടെ തലവനായ പൗലോ പോളിനിയുടെ ജീവൻ മരംവെട്ടുകാരുടെ വെടിയേറ്റ് നഷ്ടമായതിന് കാരണവും. പരിധിവിട്ടുകൊണ്ടിരിക്കുന്ന പ്രകൃതിയ്ക്കുമേലുള്ള അതിക്രമങ്ങൾ ആമസോൺ മഴക്കാടുകൾ പോലുള്ള പ്രകൃതിയുടെ വരദാനങ്ങളെ ഇല്ലായ്മ ചെയ്തുകൊണ്ടിരിക്കുകയാണ്. കാട്ടുതീ കത്തിയെരിയിച്ചത് ഭൂമിയുടെ സമൃദ്ധമായ വനസമ്പത്താണെന്ന കാര്യം നാം വിസ്മരിയ്ക്കരുത്. അത്യപൂർവങ്ങളായ സസ്യലതാദികളാണ് കാട്ടുതീയ്ക്ക് ഇരയായിത്തീർന്നത്. വിവിധങ്ങളായ ലക്ഷക്കണക്കിന് പക്ഷി മൃഗാദികളെയാണ് കാട്ടുതീ കവർന്നെടുത്തത്. അര നൂറ്റാണ്ടിനിടെ മാത്രം 17ശതമാനം കാടുകളാണ് വനനശീകരണത്തിലൂടെ ആമസോണിന് നഷ്ടമായത്. മനുഷ്യന്റെ ആവശ്യങ്ങൾ നിറവേറ്റാനുള്ള എല്ലാ വിഭവങ്ങളും പ്രകൃതി നമുക്ക് നൽകിയിട്ടുണ്ട്. എന്നാൽ അതവന്റെ അത്യാഗ്രഹം നിറവേറ്റാനുള്ളതല്ല.

ഇത് ആമസോൺ മഴക്കാടുകളുടെ മാത്രം കാര്യമല്ല. പ്രകൃതിയുടെ ഒട്ടുമിക്ക വരദാനങ്ങളും ഇന്ന് നാശത്തിന്റെ വക്കിലാണ്. പ്രകൃതിയെ കറന്നെടുക്കാനാണ് നമ്മുടെ പൂർവികർ നമ്മെ പഠിപ്പിച്ചിട്ടുള്ളത്. അല്ലാതെ ചൂഷണം ചെയ്യാനല്ല. സഹനശേഷിയുടെ പരിധി വിട്ടാൽ ആരായാലും പ്രതികരിച്ചുപോകും. പ്രകൃതിയുടെ കാര്യത്തിലും ഇതു ബാധകമാണ്. പ്രകൃതിയുടെ മറ്റൊരു ഭാവത്തിലുള്ള പ്രതികരണം പ്രളയമെന്ന രൂപത്തിൽ ഈയിടെ നാമനുഭവിച്ചു. പശ്ചിമഘട്ട മലനിരകൾ പോലുള്ള ജൈവവൈവിധ്യമാർന്ന കലവറകളെ മനുഷ്യൻ കാർന്നു തിന്നുമ്പോഴും, അടർത്തിയെടുക്കുന്നത് കാലിനടിയിലെ മണ്ണാണെന്ന പരമാർഥം മനുഷ്യൻ പലപ്പോഴും വിസ്മരിച്ചുപോവുകയാണ്. ഇതിന്റെയൊക്കെ പ്രത്യാഘാതങ്ങൾ ഒരു പക്ഷെ നാം ചിന്തിയ്ക്കുന്നതിലുമപ്പുറമായിരിക്കും. ജൂൺ 5 ലോക പരിസ്ഥിതി ദിനമായി ആചരിയ്ക്കുമ്പോൾ മാത്രം ഉണരേണ്ടതല്ല നമ്മിലെ പാരിസ്ഥിതിക ബോധം. പ്രകൃതിയുടെ ഓരോ വിഭവങ്ങളും നാമോരോരുത്തർക്കുമുള്ളതാണ്. ഭൂമിയിൽ ഓരോ ജീവജാലങ്ങൾക്കും വേണ്ടിയുള്ളത്. മനുഷ്യന്റെ സ്വാർഥ താൽപര്യങ്ങൾക്ക് ഇവിടെ സ്ഥാനമില്ല. നമ്മെ ഒരു കവചം പോലെ കാത്തുസൂക്ഷിക്കുന്ന ഈ ലോകത്തിൽ പ്രകൃതി കനിഞ്ഞു നൽകിയ വർണവൈവിധ്യങ്ങളായ വരദാനങ്ങളെ കവർന്നെടുക്കാതെ കാവൽനിൽക്കാൻ നാമോരോരുത്തർക്കും സാധിക്കട്ടെ.



**BSc. Mathematics**

2019 - 2020



Like Comment Write something... Share

**BSc. Physics**

2019 - 2020



Like Comment Write something... Share

**BSc. Psychology**

2019 - 2020



Like Comment Write something... Share

**BCA**

2019 - 2020 ·



Like Comment Write something... Share

**BA English**

2019 - 2020 ·



Like Comment Write something... Share

**BA Economics**

2019 - 2020 ·



Like Comment Write something... Share

**BA History**

2019 - 2020



Like Comment Write something... Share

**B.Com Computer Application**

2019 - 2020



Like Comment Write something... Share

**B.Com Finance**

2019 - 2020



Like Comment Write something... Share

B.Com Co-operation

2019 - 2020



Like Comment Write something... Share

B.Com Co-operation A

2019 - 2020



Like Comment Write something... Share

BA English A

2019 - 2020



Like Comment Write something... Share

**BBA**
2019 - 2020 ·



Like  Comment  Write something...  Share

**M Com**
2019 - 2020 ·



Like  Comment  Write something...  Share

**MA English**
2019 - 2020 ·



Like  Comment  Write something...  Share


2k19
khayal
COLLEGE ARTS FESTIVAL


COLLEGE UNION
Presents
ST. MARY'S COLLEGE
COLLEGE UNION
ST. MARY'S COLL





ST. MARY'S COLLEGE
COLLEGE UNION


COLLEGE UNION
Presents








ST. MARY'S COLLEGE
COLLEGE UNION


ARTS FESTIVAL


K
03

# GOLAZO
## ANNUAL SPORTS MEET









ST. MARY'S PREMIER LEAGUE
SPL
Season - 2

# St. Mary's PREMIER LEAGUE















# COLLEGE UNION 2019 - 2020



**RAKHIL**
Chairman



**KASHMIRA JANAKI**
Vice Chairman



**AHIL DAS MK**
Gen.Secretary



**FATHIMA SHERIN TK**
Joint.Secretary



**ANOOP JAMES**
Fine Arts Sec



**MUHAMMED SHIBIL**
UUC



**SYAMJITH**
UUC



**MUHAMMED ASHIK**
GEN CAPTAIN



**GOKUL DAS M**
Magazine Editor

# ASSOCIATION MEMBERS



**ABDUL SALAM**
Commerce




**SUBIN**
English



**ROSHAN S THOMAS**
Physics



**AKHIL JOSEPH**
Economics




**ABHIRAM**
Maths




**MUHAMMED SAFWAN**
History



**MINHAJ KK**
Computer Science



**VARNA V**
Politics



**MEGHA**
Psychology

# YEAR REPRESENTATIVES




**MUHAMMED ALI**
1st Year



**MAHMOOD U**
2nd Year



**SHABEEB**
3rd Year



**SHAHABAZ**
PG



the team
Gokul Das M
Arya
Roshan S Thomas
Aswathi Mohan
Megha R.K
Sandra Pullanikkad
Subin P Biju
Leela Vijayan
Creative Support
Shameer T
Staff Editor
Gabriel George
Saraswathi
Creative Support
Vaishnavi
Illustrations
Fathima Risana
Illustrations
Fathima Reem
Illustrations
Vykash
Illustrations



ഒരണുവിൽ നിന്ന്
മറ്റൊരണുവിലേക്കുള്ള
ജീവനപൊരുതലിൽ ഇടയ്ക്കുവെച്ച്
നാം മറന്ന കാലത്തിനേയും നാം
കൂടി നടന്ന പാതകളേയും...ഒരു
കല്ലേറുപോലെ തിരിച്ചറിയിപ്പിച്ച പ്രിയ
പരിണാമചിന്തകൾക്ക്...

എല്ലാം ഒന്നിലേക്കാവുന്ന, വന്ന വഴി
തന്നെ വീണ്ടും വീണ്ടും
ലക്ഷ്യമാകുന്ന, ഈ
പരിണാമത്തിലേക്കുള്ള
തിരിഞ്ഞുനടത്തത്തിൽ കൂടെ
നടന്ന എല്ലാവരോടും

സ്നേഹം....